# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./എം.എൽ.530/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 20/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

സർ,

വിഷയം : ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1.സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
2.ഡയറക്ടർ,നഗരകാര്യവകുപ്പ് (ഉപരിപത്രം സഹിതം)
3.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: കെ.എസ്.എ.റ്റി.വി.എം./എം.എൽ.530/2022 തീയ്യതി: 20/05/2022

## തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 69 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 18-02-2022 | 03-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-02-2022 | 03-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രതാപ് കുമാർ.ആർ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ലതാകുമാരി.എം., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുരേഷ് ബാബു.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അൻവർ രാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ആതിര.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.പ്രദീപ് | ചെയർമാൻ | 01-04-2019 | 31-03-2020 |
| ശ്രീ. പ്രദീപ്കുമാർ | സെക്രട്ടറി | 01-04-2019 | 03-09-2019 |
| ശ്രീമതി.നീതുലാൽ.ബി | സെക്രട്ടറി | 04-09-2019 | 30-10-2019 |
| ശ്രീ.വിശ്വനാഥൻ.എസ് | സെക്രട്ടറി | 31-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.റാണി.ജി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 29-07-2019 |
| ശ്രീമതി.സിനി.പി | മുനിസിപ്പൽ എഞ്ചിനീയർ | 30-07-2019 | 31-03-2020 |
| ശ്രീ.ജയദാസ് | അസി.എഞ്ചീനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.മുരളീധരൻ.എസ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.ജസ്റ്റിൻ ജോസ് | സൂപ്രണ്ട് താലൂക്ക് ഹോമിയോ ആശുപത്രി | 01-04-2019 | 31-03-2020 |
| ഡോ.എ.സ്മിത | മെഡിക്കൽ ഓഫീസർ, സിദ്ധ ആശുപത്രി | 01-04-2019 | 31-03-2020 |
| ഡോ.കവിത.റ്റി.നായർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ.അജയകുമാർ.ബി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.സോൺ സുന്ദർ | പ്രോജക്റ്റ് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ബിജു.എം.എസ് | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്രീജ | എസ്.സി.ഡി.ഒ | 01-04-2019 | 04-02-2020 |
| ശ്രീ.സന്തോഷ് ശിവാനന്ദൻ | എസ്.സി.ഡി.ഒ | 05-02-2020 | 31-03-2020 |
| ഡോ.റ്റി.എം.ബീന ബീവി | വെറ്റിനറി സർജൻ | 01-04-2019 | 17-01-2020 |
| ഡോ.എ.വി ഷൈജു | വെറ്റിനറി സർജൻ | 18-01-2020 | 31-03-2020 |
| ശ്രീ. പുരുഷോത്തമൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ദേവി.പി.ഭരതൻ | സൂപ്രണ്ട്,ഹോമിയോ ആശുപത്രി | 01-04-2019 | 19-11-2019 |
| ഡോ.വിനീത.ആർ.പുഷ്കരൻ | സൂപ്രണ്ട്,ഹോമിയോ ആശുപത്രി | 20-11-2019 | 19-02-2020 |

| | | | |
|---|---|---|---|
| ഡോ.ദേവി.പി.ഭരതൻ | സൂപ്രണ്ട്,ഹോമിയോ ആശുപത്രി | 20-02-2020 | 31-03-2020 |
| ശ്രീമതി ജ്യോതി.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 21-12-2019 |
| ശ്രീമതി ശ്രീരശ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 22-12-2019 | 31-03-2020 |
| ശ്രീമതി ഗീത.എ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 01-04-2019 | 15-06-2019 |
| ശ്രീ.ജയകുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം (അഡീഷണൽ ചാർജ്ജ്) | 16-06-2019 | 24-06-2019 |
| ശ്രീമതി ജയലക്ഷ്മി.കെ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 24-06-2019 | 30-07-2019 |
| ശ്രീ.ജയകുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം (അഡീഷണൽ ചാർജ്ജ്) | 30-07-2019 | 19-08-2019 |
| ശ്രീ.സുജൈ കുമാർ.സി | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 19-08-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 03-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 06-05-2022) | 1-2 |
| 3 | കളക്ഷനുവേണ്ടി ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ - പണമായി വന്നിട്ടില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 06-05-2022) | 1-2-1 |
| 4 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ- തനത്ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 06-05-2022) | 1-2-2 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-3 |
| 6 | ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-3-1 |
| 7 | വികസന ഫണ്ട്- നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം.<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-3-2 |
| 8 | 2019-20 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും.<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-3-3 |
| 9 | പദ്ധതി രൂപീകരണം<br>Written By: Suresh Babu B (Senior Grade Auditor, On 04-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-4 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Sreedevi S (Senior Grade Auditor, On 02-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-5 |
| 11 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി<br>Written By: Sreedevi S (Senior Grade Auditor, On 02-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-5-1 |
| 12 | സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 02-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-5-2 |
| 13 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നു<br>Written By: Sreedevi S (Senior Grade Auditor, On 02-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-5-3 |
| 14 | ക്ഷേമപദ്ധതി - രജിസ്റ്റർ പരിപാലനം-അപാകങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 04-03-2022)<br>Last Updated By: Biji T (Computer Assistant, On 06-05-2022) | 1-5-4 |
| 15 | തൊഴിൽരഹിത വേതനം - ആനുകൂല്യത്തിനുള്ള കാലയളവ് കൂടി പരിശോധിക്കേണ്ടതാണ്.<br>Written By: Sreedevi S (Senior Grade Auditor, On 04-03-2022)<br>Last Updated By: Biji T (Computer Assistant, On 06-05-2022) | 1-5-5 |

| | | |
|---|---|---|
| 16 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Anwar Raj.M (Senior Grade Auditor, On 05-03-2022)<br>Last Updated By: Biji T (Computer Assistant, On 06-05-2022) | 1-6 |
| 17 | ആഭ്യന്തര നിയന്ത്രണം<br>Written By: Prathap Kumar R (Audit Officer (HG), On 22-03-2022)<br>Last Updated By: Biji T (Computer Assistant, On 06-05-2022) | 1-7 |
| 18 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Sreedevi S (Senior Grade Auditor, On 02-03-2022)<br>Last Updated By: Biji T (Computer Assistant, On 06-05-2022) | 1-8 |
| 19 | തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 02-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-8-1 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Zeena K (Senior Grade Auditor, On 05-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-9 |
| 21 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത<br>Written By: Athira C (Auditor, On 04-03-2022)<br>Last Updated By: Biji T (Computer Assistant, On 06-05-2022) | 1-10 |
| 22 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു<br>Written By: Sreedevi S (Senior Grade Auditor, On 04-03-2022)<br>Last Updated By: Biji T (Computer Assistant, On 06-05-2022) | 1-11 |
| 23 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 04-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-11-1 |
| 24 | സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ<br>Written By: Sreedevi S (Senior Grade Auditor, On 04-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | 1-12 |
| 25 | വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് - രേഖകൾ പൂർണമല്ല<br>Written By: Sreedevi S (Senior Grade Auditor, On 04-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | 1-12-1 |
| 26 | ചട്ട വിരുദ്ധമായ ലേല നടപടിക്രമം -കുടിശ്ശിക തുകയായ 1,68,800/-രൂപ ഈടാക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | 1-13 |
| 27 | രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യപത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Zeena K (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | 1-14 |
| 28 | ആലംകോട് ഷോപ്പിംഗ് കോംപ്ലക്സ്-വാടക കുടിശ്ശികയായ 26380/രൂപ ഈടാക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 03-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-15 |
| 29 | അനധികൃതമായി മണ്ണ് നീക്കം -തുടർ നടപടി വിവരം ലഭ്യമാക്കിയില്ല.<br>Written By: Zeena K (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | 1-16 |
| 30 | സേവന പുസ്തകങ്ങളുടെ പരിശോധന - ശമ്പള പരിഷ്കരണങ്ങൾക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്<br>Written By: Zeena K (Senior Grade Auditor, On 03-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-17 |
| 31 | വസ്തു നികുതി -അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 03-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-18 |
| 32 | ഗാർഹിക കമ്പോസ്റ്റ് പദ്ധതി- സബ്സിഡി ഇനത്തിൽ അധികമായി നല്കിയ | 1-19 |

| | | |
|---|---|---|
| | 45672/- രൂപ നിരാകരിക്കുന്നു<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | |
| 33 | ഏറ്റെടുത്ത സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചില്ല.സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Suresh Babu B (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | 1-20 |
| 34 | ഓടകളുടെ സൈഡ് വാൾ നിർമ്മാണം ഉയർന്നനിരക്കിലുള്ള കോൺക്രീറ്റ് ഉപയോഗിച്ചു<br>Written By: Suresh Babu B (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | 1-21 |
| 35 | നഗരസഭ നിർവഹണം നടത്തിയ റോഡ്പ്രവൃത്തികൾ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | 1-22 |
| 36 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.<br>Written By: Suresh Babu B (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | 1-23 |
| 37 | അലുമിനിയം വർക്ക് -നിരക്ക് കണക്കാക്കിയതിൽ പിശക്-അധികതുക നൽകി-.നഷ്ടം-1015/-രൂപ.<br>Written By: Suresh Babu B (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | 1-24 |
| 38 | ഡെപ്പോസിറ്റ് പ്രവൃത്തികൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. 1100994/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 03-03-2022)<br>Last Updated By: Biji T (Computer Assistant, On 07-05-2022) | 1-25 |
| 39 | അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം<br>Written By: Sreedevi S (Senior Grade Auditor, On 05-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-26 |
| 40 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അപേക്ഷയും അനുബന്ധരേഖകളും ഹാജരാക്കിയില്ല<br>Written By: Sreedevi S (Senior Grade Auditor, On 05-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-27 |
| 41 | അങ്കണവാടി പോഷകാഹാരം - പദ്ധതിയിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 05-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-28 |
| 42 | അങ്കണവാടി പോഷകാഹാരം - സ്റ്റോക്കിലെ പൊരുത്തക്കേടുകൾ<br>Written By: Sreedevi S (Senior Grade Auditor, On 05-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-29 |
| 43 | ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ - ടി.ആർ 7എ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 05-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-30 |
| 44 | ക്ഷീര വികസനം പ്രോജക്ടുകൾ - അപേക്ഷകളും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 05-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-31 |
| 45 | ആയുർവേദ ആശുപത്രിക്കും കൊല്ലമ്പുഴ സ്പെഷ്യൽ ഒ.പി.ക്കും മരുന്ന് വാങ്ങൽ - മരുന്നുകൾ യഥാസമയം ലഭ്യമായില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 05-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-32 |
| 46 | തൊഴിൽ നികുതി<br>Written By: Anwar Raj.M (Senior Grade Auditor, On 05-03-2022) | 1-33 |

| | | |
|---|---|---|
| | Last Updated By: Shiela Ubald (Joint Director, On 20-05-2022) | |
| 47 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ യഥാസമയം ലഭ്യമായില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 05-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-34 |
| 48 | ISO സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ<br>Written By: Lathakumari M (Audit Officer, On 07-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-35 |
| 49 | കണ്ടിജന്റ് ജീവനക്കാർ GIS, SLI എന്നിവയിൽ അംഗത്വം എടുത്തിട്ടില്ല<br>Written By: Lathakumari M (Audit Officer, On 07-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-36 |
| 50 | ദാനാധാരമായി വാങ്ങിയ ഭൂമി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല<br>Written By: Lathakumari M (Audit Officer, On 07-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-37 |
| 51 | വജ്രജൂബിലി കലാകാരൻമാർക്ക് ഫെല്ലോഷിപ്പ്.<br>Written By: Lathakumari M (Audit Officer, On 07-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-38 |
| 52 | മുൻകാലറെക്കോഡുകളുടെ കംപ്യൂട്ടർവൽക്കരണം<br>Written By: Lathakumari M (Audit Officer, On 07-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-39 |
| 53 | വെള്ളക്കരം-കുടിശ്ശിക പെരുകുന്നത് തുടരുന്നു.<br>Written By: Lathakumari M (Audit Officer, On 07-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-40 |
| 54 | പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ<br>Written By: Mary Andrews (Audit Officer, On 08-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-41 |
| 55 | സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയിട്ടില്ല<br>Written By: Mary Andrews (Audit Officer, On 08-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-41-1 |
| 56 | പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല<br>Written By: Mary Andrews (Audit Officer, On 08-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-41-2 |
| 57 | ക്യാഷ് ബുക്ക് പരിപാലനം - അപാകതകൾ<br>Written By: Mary Andrews (Audit Officer, On 08-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-42 |
| 58 | മുൻകൂർ രജിസ്റ്റർ അപൂർണ്ണം.<br>Written By: Lathakumari M (Audit Officer, On 09-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-43 |
| 59 | ചെയർപേഴ്സണ് വേണ്ടി പുതിയ വാഹനം വാങ്ങൽ - അധിക തുക നല്കിയത് 12,230 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Lathakumari M (Audit Officer, On 09-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 1-44 |
| 60 | പഴയ വാഹനം ലേലം ചെയ്തില്ല.<br>Written By: Lathakumari M (Audit Officer, On 09-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-45 |
| 61 | പദ്ധതി രൂപീകരണം-പ്രിന്റിംഗ് ചെലവുകൾക്ക് ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 10-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 1-46 |
| 62 | പർച്ചേസിംഗ് കമ്മിറ്റി പ്രവർത്തനം ഫലപ്രദമല്ല.<br>Written By: Lathakumari M (Audit Officer, On 10-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 1-47 |
| | ഭാഗം **2** | |
| 1 | ചട്ട വിരുദ്ധമായ ലേല നടപടിക്രമം -കുടിശ്ശിക തുകയായ 1,68,800/-രൂപ | 2-1 |

| | | |
|---|---|---|
| | ഈടാക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 03-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | |
| ഭാഗം **3** | | |
| 1 | ഗാർഹിക കമ്പോസ്റ്റ് പദ്ധതി- സബ്സിഡി ഇനത്തിൽ അധികമായി നല്കിയ 45672/- രൂപ നിരാകരിക്കുന്നു<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-05-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Lekha.M.L (Senior Grade Auditor, On 03-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Lekha.M.L (Senior Grade Auditor, On 03-03-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 4-5 |
| 6 | ഓഡിറ്റ് റെക്കവറി<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Shiela Ubald (Joint Director, On 20-05-2022) | 4-6 |
| 7 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Lekha.M.L (Senior Grade Auditor, On 03-03-2022)<br>Last Updated By: Lekha.M.L (Senior Grade Auditor, On 03-03-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 03-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathakumari M (Audit Officer, On 05-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-05-2022) | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | 09.09.2020 ജനറൽ കമ്മിറ്റിയിൽ പങ്കെടുത്ത കൗൺസിലർമാരുടെ പേരും അഡ്രസ്സും | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 1/1-ാം നമ്പർ തീരുമാന പ്രകാരം 27.02.2019 ൽ അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 17.02.2020 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെ പ്രതീക്ഷിത വരവ് 418506880/-രൂപയും പ്രതീക്ഷിത ചെലവ് 386989769/-രൂപയുമാണ്.

ബജറ്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു .

കേരള മുനിസിപ്പൽ ആക്റ്റ് സെക്ഷൻ 293(5) പ്രകാരം ഒരു വർഷത്തിനിടക്ക് നഗരസഭയുടെ വരവിനെയോ ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ച എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ പുതുക്കിയ/ സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ്/ ചെലവ് വകയിരുത്തലുകളുടെ വ്യതിയാനം ,വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല.

ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് നടത്തിയത് കെ.എഫ്.സി ആർട്ടിക്കിൾ 40 (എ) പ്രകാരം അനുവദനീയമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

### 1-1-1 ബജറ്റിൽ വകയിരുത്തിയതിനെക്കാളും കൂടുതൽ ചെലവ്

| ഹെഡ് കോഡ് | ഇനം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 220119900 | Other Office Maintenance | 101000 | 339732 |
| 220120100 | Telephone Expenses | 37757 | 38258 |
| 220519900 | Miscellaneous Legal Expenses | 10000 | 294986 |
| 220809900 | Miscellaneous Administative Expenses | 500000 | 519176 |
| 220120200 | Postal Expenses | 30000 | 34952 |
| 230100100 | Electricity Charges | 2987144 | 3767213 |
| 220400100 | Insurance | 178000 | 222232 |
| 220800200 | Festival Expenses | 150000 | 202954 |
| | Welfare Programme For The Destitute | 200000 | 288437 |

### 1-1-2. ബജറ്റിൽ തുക വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു

| ഹെഡ് കോഡ് | ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|
| 230800600 | Food To Patients | 19152 |
| 253100101 | Agricultural And Related Sectors-Paddt | 38645 |
| 251101001 | Arts &Culture-General | 155000 |
| 252100701 | Office Electrification-General | 23670 |

### 1-1-3. മുൻ വർഷത്തെ വരവുകൾ കണക്കിലെടുക്കാതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു

കേരള മുനിസിപ്പൽ ആക്റ്റ് സെക്ഷൻ 293(3) പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷവ്യതിയാനങ്ങളോടൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളുമുണ്ടായിരിക്കേണ്ടതുമാണ്. മുൻ വർഷത്തെ വരവുകൾ കണക്കിലെടുക്കാതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു. കൂടാതെ 2019-20 ലെ ഡിമാന്റ് കുറവായാണ് വാർഷിക ധനകാര്യപത്രിക പ്രകാരം നൽകിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2019-20 ബജറ്റ് | 2018-19 ലെ വരവ് | 2019-20 ലെ |
|---|---|---|---|

| | പ്രകാരം | | ഡിമാന്റ് |
|---|---|---|---|
| Property Tax | 4,74,35,123 | 3,61,43,900 | 3,49,82,976 |
| Service Cess | 36,48,263 | 54,09,095 | 31,48,468 |
| Entertinment Tax | 10,00,000 | 0 | 7,37,473 |
| Rent From Town Hall | 4,90,000 | 3,43,400 | 1,500 |
| Rent From Stadium | 1,90,000 | 90,715 | 35,000 |
| Rent From Shopping Complex | 36,12,000 | 0 | 34,00,008 |
| Rent From Conferance Hall | 3,00,000 | 2,96,250 | 2,46,000 |
| Rent From Lease Of Land | 6,00,000 | 5,73,086 | 77,777 |
| License Fees | 43,00,000 | 15,21,891 | 47,79,800 |
| Construction Of Building | 75,000 | 84,621 | 61,268 |
| Grant Of Permit | 6,50,000 | 6,90,555 | 5,65,959 |
| Cost Of Services Renderd | 50,00,000 | 1,81,515 | 56,37,016 |
| Receipts From Libraries | 90,000 | 79,125 | 72,586 |
| Hire Charges For Vehicles(others) | 15,000 | 4,070 | 14,680/- |
| Market Fees | 50,00,00 | 47,88,809 | 1,06,757 |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 16/22 (22.02.2022) ന മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാവിയിൽ കേരള മുനിസിപ്പൽ ആക്റ്റിനനസൃതമായതും യാഥാർത്ഥ്യ ബോധത്തോടെയുള്ളതുമായ ബജറ്റ് തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 29.07.2020 | - | - |

വാർഷിക ധനകാര്യപത്രിക -അപാകതകൾ

1. വാർഷിക ധനകാര്യപത്രിക B1 ഷെഡ്യൂളിൽ Excess Of Income Over Expenditure (-) 7861999.45 രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

2. Depreciation വിവരങ്ങൾ I- 17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. SBI EIUS A/C ന്റെ ക്ളോസിംഗ് ബാലൻസ് ക്യാഷ് ബുക്ക് പ്രകാരം 613548, പാസ്ബുക്ക് പ്രകാരം 633636/- റീകൺസിലിയേഷൻ പ്രകാരം ബാലൻസ് 613548/-. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. HDFC Bank Card Payment ക്ളോസിംഗ് ബാലൻസ് ക്യാഷ് ബുക്ക് പ്രകാരം 610593/- പാസ്ബുക്ക് പ്രകാരം 603829/-, റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

5.Canarabank PCB Award ക്ളോസിംഗ് ബാലൻസ് ക്യാഷ് ബുക്ക് പ്രകാരം 9274251/- പാസ്ബുക്ക് പ്രകാരം 9275616/-. റീകൺസിലിയേഷൻ പ്രകാരമുള്ള ബാലൻസ് 10549567/-. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. ICICI Bank- PMAY ക്ളോസിംഗ് ബാലൻസ് ക്യാഷ് ബുക്ക് പ്രകാരം 2969631/- പാസ്ബുക്ക് പ്രകാരം 3088017/-. റീകൺസിലിയേഷൻ പ്രകാരമുള്ള ബാലൻസ് 3209631/-. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. IOB SGSRYക്യാഷ് ബുക്ക് ബാലൻസ് 231851/-, റീകൺസിലിയേഷൻ പ്രകാരം പാസ്ബുക്ക് ബാലൻസ് 229351/-. പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല.

8. Bank Of India-IDSMT ക്യാഷ്ബുക്ക് ബാലൻസ് 14905/-, റീകൺസിലിയേഷൻ പ്രകാരം പാസ്ബുക്ക് ബാലൻസ് 14905/-, പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല.

9. Treasury MF Account ക്യാഷ്ബുക്ക് ബാലൻസ് 10914/-, പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല.

10. ചുവടെ ചേർത്തിട്ടുള്ള വരവ് ഇനങ്ങളിൽ ഡിമാന്റ് ഉള്ള ഇനങ്ങളുടെ കറന്റ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് , അരിയർ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, അഡ്വാൻസ് കളക്ഷൻ എന്നിവയും ഡിമാന്റ് ഇല്ലാത്തവയുടെ കളക്ഷൻ എന്നിവ രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

A. Licens

B. Property Tax

C. Rental Income

D. Auction

E. Profession Tax

F. Building Permit

G. Entertainment Tax

11. 19-20 ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിൽ 460100700 ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന Miscelleneous Advance 1016052 /- രൂപ ക്രമീകരിച്ചതിന്റെ സംക്ഷിപ്തം അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടില്ല. പ്രസ്തുത തുക ക്രമീകരിച്ചതിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല.

12. ബാലൻസ് ഷീറ്റ് B11 ഷെഡ്യൂൾ പ്രകാരം 17368649/-രൂപ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ ആധികാരികത പരിശോധിക്കാൻ 19-20 വർഷം നല്കിയ പാർട്ട് ബില്ലുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

13. തൻവർഷം KSEBയ്ക്കും, KWA യ്ക്കും ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക Advance Head ൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ഇനത്തിൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ B-18 Schedule ൽ ഉൾപ്പെടുത്തിയിട്ടില്ല. വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാനും അതോടൊപ്പം അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( No-36, 25.2.22) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1.തനത് വരുമാനത്തിനേക്കാൾ ചെലവും ലോൺബാധ്യതയും ഉള്ളതിനാലാണ് B1 ഷെഡ്യൂളിൽ - Ve ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. IKM -ൽ റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചു.

3, 4. പലിശ ഇനത്തിലുള്ള വരവ് രേഖപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണം എന്ന് വിശദീകരിച്ചു.

5. ബാങ്ക് ചാർജ്ജ് ഇനത്തിലുള്ള തുകയാണ് വ്യത്യാസത്തിന് കാരണം എന്ന് വിശദീകരിച്ചു.

6.അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

7, 8, 9. പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിൽ ഇടപാടുകൾ ഇല്ലാത്തതിനാൽ അവ ക്ലോസ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിൽ മുതൽക്കൂട്ടുന്നതാണെന്നും പാസ്ബുക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

10. രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി അടുത്ത ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു.

11, 12 മറുപടി ഹാജരാക്കിയിട്ടില്ല.

മറുപടി ഹാജരാക്കാത്ത പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അതോടൊപ്പം ഹാജരാക്കിയിട്ടുള്ള മറുപടികളിൽ അറിയിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-2-1 കളക്ഷനുവേണ്ടി ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ - പണമായി വന്നിട്ടില്ല.

എസ് ബി ഐ തനത് ഫണ്ട് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ നഗരസഭ കളക്ഷനുവേണ്ടി ബാങ്കിൽ നിക്ഷേപിച്ച ചുവടെ ചേർക്കുന്ന ചെക്കുകൾ ഇതുവരെ നഗരസഭയുടെ അക്കൌണ്ടിൽ പണമായി വന്നിട്ടില്ല.

| ക്രമ നം | വൌച്ചർ നം | വൌച്ചർ തീയതി | ചെക്ക്നം, തീയതി | തുക | വിശദാംശം |
|---|---|---|---|---|---|
| 1 | 11001500100 | 7.10.10 | 058252/6.10.2010 | 6450/- | Ferryman ,Charge |

| | | | | | |
|---|---|---|---|---|---|
| 2 | 118010900028 | 29.10.2018 | U0000005122880/26.10.18 | 8024/- | 17/50, 51,52,53 |
| 3 | 119010900020 | 19.9.2019 | U700317442/14.8.2019 | 1000/- | PT Expense Paid |
| 4 | 119010500197 | 6.3.20 | 082835/29.2.2020 | 47500/- | PT 19-20 II Half Paid |
| 5 | 119010900024 | 28.10.19 | U0000007272480/19.10.19 | 8024/- | 18/50,51,52 |

മേൽ സൂചിപ്പിച്ചിട്ടുള്ള ബാങ്കിൽ നിക്ഷേപിച്ച ചെക്കുകളിൽ ക്ളിയർ ചെയ്യാത്ത ചെക്കുകൾ സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ നഗരസഭ സ്വീകരിച്ച നടപടിയും ഓഡിറ്റിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 48, 26.2.22) മേൽ ചെക്കുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് മറുപടി നല്കുന്നതാണെന്ന് അറിയിച്ചു.

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-2-2 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ- തനത്ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

2019-20 വർഷത്തെ ബാലൻസ് ഷീറ്റിൽ (B7) 1,21,97,518/- രൂപ ഡെപ്പോസിറ്റ് തിരികെ നല്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഡെപ്പോസിറ്റ് തുകകളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുൻസിപ്പൽ ഫണ്ടിൽ മുതൽ കൂട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (No 49/ 26.2.22) പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | ബജറ്റ് പ്രകാരമുള്ള തുക | നഗരസഭയ്ക്ക് നേരിട്ട് അനുവദിച്ച തുക | എസിആർ/ എ എഫ് എസ് പ്രകാരം വരവ് | മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് | ചെലവ് | Source Deduction, 2018-19 Queue Bill ഉൾപ്പെടെ ആകെ ചെലവ് | 2019-20 വർഷത്തെ Queue Bill | നീക്കിയിരിപ്പ്, ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 30256000 | 26959008 | 16091656 | 16091656 | 16091656 | 18118448 | 182201 | 12137552 (60%) |
| വികസനഫണ്ട് SCP | 0 | 17454000 | 17454000 | 10602166 | 10602166 | 10602166 | 10602166 | - | 6851834 (61%) |
| മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | 0 | 8881000 | 8881000 | 5027628 | 5027628 | 5027628 | 5027628 | 646955 | 3853372 (57%) |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 34328000 | 34328000 | 4954512 | 4954512 | 4954512 | 4954512 | 12248681 | 29373488 (14%) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 50340000 | 50340000 | 15209662 | 15209662 | 15209662 | 15209662 | | 35130338 (30%) |
| അയ്യൻകാളി നഗര | 3803913 | - | - | 878952 | 4682865 | 4646378 | - | - | 36487 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | | | | | | | | | |

*** മെയിന്റനൻസ് ഫണ്ട് റോഡിന്റെ വരവ് ചെലവുകൾ AFS , സുലേഖ പത്രിക എന്നിവ പ്രകാരം 4954512/- രൂപയും ACR പ്രകാരം 8752399/- രൂപയുമാണ്. ഇവ തമ്മിലുള്ള വ്യത്യാസം 3797887/- രൂപ BDS(Bill Discounting System) വഴി മാറിയ തുകയാണ്.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ വരവ് ചെലവുകൾ AFS, സുലേഖ പത്രിക എന്നിവ പ്രകാരം 15209662/- രൂപയും ACR പ്രകാരം 19474637/- രൂപയുമാണ്. ഇവ തമ്മിലുള്ള വ്യത്യാസം 4264975/- രൂപ BDS(Bill Discounting System) വഴി മാറിയ തുകയാണ്.

## 1-3-1 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

| വിഭാഗം | | പൊതു വിഭാഗം ജനറൽ | ചെലവ് ശതമാനം | എസ് സി പി | ചെലവ് ശതമാനം | ധന കാര്യ കമ്മീ ഷൻ ഗ്രാന്റ് | ചെലവ് ശതമാനം | മെയിന്റ നൻസ് ഗ്രാന്റ് റോഡ് | ചെലവ് ശതമാനം | മെയിന്റ നൻസ് ഗ്രാന്റ് നോൺ റോഡ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| പൊതു വിഭാഗം-ഉല്പാദനം | അടങ്കൽ | 5238137 | | 0 | | 0 | | 0 | | 1020000 | |
| | ചെലവ് | 2366651 | 45.18% | 0 | 0 | 0 | 0 | 0 | 0 | 845331 | 83% |
| പൊതു വിഭാഗം-സേവനം | അടങ്കൽ | 26197239 | | 0 | | 24800393 | | 0 | | 6232664 | |
| | ചെലവ് | 14232973 | 54.33% | 0 | 0 | 6693668 | 27% | 0 | 0 | 3770320 | 60.5% |
| പൊതു വിഭാഗം-പശ്ചാത്തലം | അടങ്കൽ | 4867423 | | 0 | | 35598691 | | 41183755 | | 2828336 | |
| | ചെലവ് | 1518824 | 31.2% | 0 | 0 | 8515994 | 24% | 4954512 | 12% | 411977 | 15% |
| പട്ടിക ജാതി വിഭാഗം-ഉല്പാദനം | അടങ്കൽ | 0 | | 200000 | | 0 | | 0 | | 0 | |
| | ചെലവ് | 0 | 0 | 90000 | 45% | 0 | 0 | 0 | 0 | 0 | 0 |
| പട്ടിക ജാതി വിഭാഗം-സേവനം | അടങ്കൽ | 0 | | 20740293 | | 0 | | 0 | | 0 | |
| | ചെലവ് | 0 | 0 | 10512166 | 50.68% | 0 | 0 | 0 | 0 | 0 | 0 |
| പട്ടിക ജാതി വിഭാഗം-പശ്ചാത്തലം | അടങ്കൽ | 0 | | 0 | | 0 | | 0 | | 0 | |
| | ചെലവ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

പൊതുവിഭാഗം ഉല്പാദനം, പശ്ചാത്തല മേഖലകളിൽ വികസനഫണ്ട് ചെലവ് യഥാക്രമം 45%, 31.2% എന്നിങ്ങനെയും പട്ടികജാതി വിഭാഗം ഉല്പാദന മേഖലയിൽ വികസനഫണ്ട് ചെലവ് 45% വുമാണ്. പൊതുവിഭാഗം സേവനം, പൊതുവിഭാഗം പശ്ചാത്തലമേഖലയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് 27%, 24% എന്നിങ്ങനെയും പൊതുവിഭാഗം പശ്ചാത്തല മേഖലയിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് ചെലവ് 12% വും മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ചെലവ് 15% വുമാണ്.

ഓരോ മേഖലയിലും അതാത് പ്രദേശത്തേയും ജനങ്ങളുടേയും വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3-2 വികസന ഫണ്ട്- നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-സിദ്ധ | 3 | 3 | 1250000 | 1226950 | 98% |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 1244000 | 1166875 | 94% |
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 1 | 1 | 800000 | 800000 | 100% |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 625000 | 22341 | 4% |
| കൃഷി ഫീൽഡ് ഓഫീസർ | 5 | 2 | 2944020 | 885500 | 30% |
| സെക്രട്ടറി | 17 | 12 | 8437007 | 4324231 | 51% |
| ഹെഡ്മാസ്റ്റർ | 8 | 1 | 3251000 | 2176900 | 67% |
| വെറ്റിനറി സർജൻ | 8 | 8 | 4351200 | 1603353 | 37% |
| ഡെപ്യൂട്ടിഡയറക്ടർ- ക്ഷീര വികസനം | 2 | 2 | 1075000 | 619060 | 58% |
| പ്രോജക്ട് ഓഫീസർ-ദാരിദ്ര്യനിർമ്മാ ജ്ജന സെൽ | 13 | 10 | 26083000 | 12026562 | 46% |
| പട്ടികജാതി വികസന ഓഫീസർ | 9 | 6 | 13675293 | 4623166 | 34% |
| ഹെൽത്ത് സൂപ്പർവൈസർ | 14 | 3 | 15520223 | 3658820 | 24% |
| മെഡിക്കൽ ഓഫീസർ -താലൂക്ക് ആശുപത്രി | 4 | 4 | 2258369 | 1661102 | 74% |
| മുനിസിപ്പൽ എഞ്ചിനീയർ | 12 | 6 | 81719541 | 10318652 | 13% |
| ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 6 | 5306349 | 3705451 | 70% |
| അസി. എഞ്ചിനീയർ | 163 | 35 | 76365912 | 11451293 | 15% |
| ആകെ | 272 | 103 | 244905914 | 60270256 | 25% |

2019-20 വർഷം രൂപീകരിച്ച മേൽ പദ്ധതികളിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ 3.57% മുൻസിപ്പൽ എഞ്ചിനീയർ 12.63%, അസിസ്റ്റന്റ് എഞ്ചിനീയർ 15% എന്നിങ്ങനെയാണ് പദ്ധതി ചെലവ് നടത്തിയിട്ടുള്ളത്. ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി 8 പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും 1 പദ്ധതി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഹെൽത്ത് സൂപ്പർവൈസർ 14 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയെങ്കിലും 3 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

നിർവഹണ ഉദ്യോഗസ്ഥർ ചെലവ് ചെയ്യാത്തതും ചെലവ് ശതമാനം കുറയാനും ഉണ്ടായ സാഹചര്യം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 38, 26.2.2022) മറുപടി നല്കിയിട്ടില്ല. പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ച ശേഷം നടപ്പിലാക്കാത്തത് ഭരണസമിതി ഗൗരവമായി കാണേണ്ടതും അത്തരം പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതുമാണ്.

### 1-3-3 2019-20 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും.

| നം | പ്രത്യേക പദ്ധതി/ മേഖല | വകയിരുത്തൽ തുകയുടെ അനുപാതം | അനുബന്ധം 4 പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | നഗരസഭ വകയിരുത്തിയ തുക | ചെലവ് | ചെലവ്% |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | പൊതുവിഭാഗം സാധാരണ വിഹിതത്തിൽ | അനുബന്ധം 4 പ്രകാരമുള്ള തുക 30256000 ന്റെ ലൈഫ് | 24204800 | 36302799 | 18118448 (ലൈഫ് ഭവന പദ്ധതിക്കുവേണ്ടി | 49.90% |

| | | | | | | |
|---|---|---|---|---|---|---|
| | നിന്നും മേഖലാ വിഭജനത്തിന് ലഭ്യമാകുന്ന തുക | ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുക | | | മാറ്റി വച്ച20% ഉൾപ്പെടെയുള്ള ചെലവ് ) | |
| | എ. വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 2 | ഉത്പാദന മേഖല (ജനറൽ, സാധാരണ വിഹിതം) | അനുബന്ധം 4 പ്രകാരമുള്ള തുക 30256000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുകയുടെ 10% | 2420480 | 5238137 | 2366651 | 45.18% |
| 3 | ശുചിത്വ മാലിന്യ സംസ്കരണം ,ജല സംരക്ഷണം | അനുബന്ധം 4 പ്രകാരമുള്ള തുക 30256000ന്റെ 15% | 4538400 **** | 10046073 | 3658820 | 36% |
| | ബി. പ്രത്യേക പദ്ധതികൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 4. | പാർപ്പിട മേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | അനുബന്ധം 4 പ്രകാരമുള്ള ജനറൽ, എസ്,സി പി തുകകളുടെ 20%(47710000x20%) | 9542000 | 14210000 | 7229000 | 51% |
| 5 | പാർപ്പിട മേഖലക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 20% (30256000x 20%) | 6051200 | 7140000 | 1190000 | 17% |
| 6. | വനിത ഘടക പദ്ധതി | പട്ടിക 3 ക്രമ നം 1പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 10% (57003800x 10%) | 4165880 | 5611995 | 2026034 | 36% |
| 7 | കുട്ടികൾ ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | പട്ടിക 3ക്രമ നം 1പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 5% (57003800x 5%) | 2082940 | 4231770 | 2300561 | 54% |
| 8. | വയോജനങ്ങൾക്കു വേണ്ടിയുള്ള പദ്ധതി, പാലിയേറ്റീവ് കെയർ ഉൾപ്പെടെ | പട്ടിക 3ക്രമ നം 1പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 5% (57003800x 5%) | 2082940 | 1144000 | 1078000 | 94% |
| | സി. പശ്ചാത്തല മേഖലക്ക് വകയിരുത്താവുന്ന കൂടിയ തുക | | | | | |
| 9 | ജനറൽ സാധാരണ വിഹിതം-പശ്ചാത്തലം | പട്ടിക 3 ക്രമ നം 1പ്രകാരമുള്ള തുക 24204800 ന്റെ 50% | 12102400 (വകയിരുത്താവുന്ന കൂടിയ തുക) | | 1607336 | 94% |
| 10 | പട്ടികജാതി ഉപ പദ്ധതി-പശ്ചാത്തലം | പട്ടികജാതി ഉപ പദ്ധതിയുടെ 30% (17454000x30%) | 5236200 (വകയിരുത്താവുന്ന കൂടിയ തുക) | 0 | 0 | 0% |
| 11 | പട്ടികജാതി ഉപ പദ്ധതി- പശ്ചാത്തലം- | പട്ടികവർഗ്ഗ ഉപ പദ്ധതിയുടെ 30% | 0 | 0 | 0 | 0 |

*** ക്രമ നം 3 ൽ ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട് ജനറൽ സാധാരണ വിഹിതത്തിന്റെ 15% ആയ 4538400/-രൂപയാണ് വകയിരുത്തേണ്ടത്. നഗരസഭ ധനകാര്യകമ്മീഷൻ വിഹിതം 8767743/- രൂപയും വികസനഫണ്ട് 1278330/- രൂപയും വകയിരുത്തി. പ്രസ്തുത ഫണ്ടുകൾ യഥാക്രമം 2740100/- , 918720/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്.

അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ .

| ക്രമ നം | പദ്ധതി | ഫണ്ട്- വികസനഫണ്ട് വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | അങ്കനവാടി പോഷകാഹാര വിതരണം | 1933099 | 1910908 | 99% |
| 2 | എസ് എസ് എ | 2176900 | 2176900 | 100% |
| 3 | പാലിയേറ്റീവ് കെയർ | 1375705 | 778438 | 57% |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 900000 | 233400 | 26% |
| 5. | പി എം എ വൈ ക്ക് അധിക വിഹിതം | 0 | 0 | 0 |
| 6. | ആശ്രയ പ്രോജക്ട് | 200000 | 199562 | 99.78% |
| 7 | ഐ കെ എം വിഹിതം | 228823 | 228823 | 100% |

## 1-4 പദ്ധതി രൂപീകരണം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 272 | 244905914 | 103 | 60270256 | 169 | 25 |

നിർവഹണോദ്യോഗസ്ഥരുടെ ചെലവ് വിവരങ്ങൾ

| നിർവഹണോദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികൾ | ആകെ അടങ്കൽ | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ സിദ്ധ | 3 | 3 | 1250000 | 1226950 | 98 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 1244000 | 1166875 | 94 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 800000 | 800000 | 100 |
| മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 4 | 4 | 2258369 | 1661102 | 74 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 163 | 35 | 76365912 | 11451293 | 15 |
| ഇൻഡസ്ട്രിയ ൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 625000 | 22341 | 4 |
| കൃഷി ഫീൽഡ് ഓഫീസർ | 5 | 2 | 2944020 | 885500 | 30 |
| സെക്രട്ടറി | 17 | 12 | 8437007 | 4324231 | 51 |
| വെറ്ററിനറി സർജൻ | 8 | 8 | 4351200 | 1603353 | 37 |
| ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര | 2 | 2 | 1075000 | 619060 | 58 |

| | | | | | |
|---|---|---|---|---|---|
| വികസനം | | | | | |
| പ്രോജക്റ്റ് ഓഫീസർ - ദാരിദ്ര്യ നിർമ്മാർജന സെൽ | 13 | 10 | 26083000 | 12026562 | 46 |
| പട്ടികജാതി വികസന ഓഫീസർ | 9 | 6 | 13675293 | 4623166 | 34 |
| ഹെൽത്ത് സൂപ്പർവൈസർ | 14 | 3 | 15520223 | 3658820 | 24 |
| എച്ച്.എം.ഗവ.ഹൈസ്കൂൾ | 8 | 1 | 3251000 | 2176900 | 67 |
| മുനിസിപ്പൽ എഞ്ചിനീയർ | 12 | 6 | 81719541 | 10318652 | 13 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 5306349 | 3705451 | 70 |

## 1-5 ക്ഷേമപദ്ധതികൾ

2019-20 വർഷം മുനിസിപ്പാലിറ്റി നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 289440 | 157 |
| കർഷകതൊഴിലാളി പെൻഷൻ | 706200 | 241 |
| വിധവ പെൻഷൻ | 8536800 | 2870* |
| വാർദ്ധക്യകാലപെൻഷൻ | 15891600 | 5743 |
| വികലാംഗപെൻഷൻ | 1742200 | 575 |
| വിവാഹധനസഹായം | 390000 | 13 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 447600 | 149* |

31.01.19 ലെ സ.ഉ.(എം.എസ്) നം. 59/2019/ധന ഉത്തരവ് പ്രകാരം വിധവ പെൻഷൻ ഗുണഭോക്താക്കളും 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും എല്ലാ വർഷവും ഡിസംബർ മാസത്തിൽ വിവാഹം/പുനർ വിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. അല്ലാത്തവരുടെ പെൻഷൻ, സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് വരെ താൽക്കാലികമായി തടഞ്ഞു വെയ്ക്കുന്നതാണ്. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷം നഗരസഭയിൽ പ്രസ്തുത പെൻഷനുകളുടെ ആകെ ഗുണഭോക്താക്കളുടെ എണ്ണവും അതിൽ എത്ര പേർ സർട്ടിഫിക്കറ്റ് നൽകി എന്ന വിവരവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.51/28.02.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം

*വിധവ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം -7

50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം -2

ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള മേൽ പൊരുത്തക്കേടിന് മറുപടി നൽകേണ്ടതും സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തവരുടെ പെൻഷൻ താൽക്കാലികമായി തടഞ്ഞുവെച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

നഗരസഭ ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ചന്ദ്രിക | 102480600599 | വിധവ | 18.06.19 | ആക്ടീവ് | 07/19 | 1200 |

| | | | | | | |
|---|---|---|---|---|---|---|
| ദിവാകരൻ | 101730200762 | വാർദ്ധക്യകാലം | 15.03.19 | ആക്ടീവ് | 04/19 മുതൽ 07/19 വരെ-1200 X 4 = 4800 | 4800 |
| രഘുനാഥൻ | 102280201377 | വാർദ്ധക്യകാലം | 26.03.19 | ആക്ടീവ് | മണമ്പൂർ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം മണമ്പൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| പുഷ്പരാജൻ | 101730200809 | വാർദ്ധക്യകാലം | 27.03.19 | സസ്പെൻഡ് | 04/19 | 1200 |
| ഫാത്തിമാബീവി | 102340100442 | | 24.03.19 | ആക്ടീവ് | കരവാരം ഗ്രാമപഞ്ചായത്ത്.<br>05/19 മുതൽ 12/21 വരെ തുക ബാങ്കിൽ നിക്ഷേപിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 01/22 ന് പെൻഷൻ തുക ബാങ്കിന് കൈമാറിയിട്ടുണ്ട്.<br>മരണവിവരം കരവാരം ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| ബാബു | 102450203804 | വാർദ്ധക്യകാലം | 09.04.19 | ആക്ടീവ് | മുദാക്കൽ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം മുദാക്കൽ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| കമലമ്മ | 101730200259 | വാർദ്ധക്യകാലം | 7.03.19 | സസ്പെൻഡ് | 04/19 മുതൽ 07/19 വരെ-1200 X 4 | 4800 |
| നാരായണൻനായർ | 101730201131 | വാർദ്ധക്യകാലം | 13.03.19 | ആക്ടീവ് | 04/19 മുതൽ 07/19 വരെ-1200 X 4 = 4800 | 4800 |
| സരസമ്മ | 101730601295 | വിധവ | 15.04.19 | ആക്ടീവ് | 05/19 മുതൽ 07/19 വരെ-1200 X 3 = 3600 | 3600 |
| പത്മിനിയമ്മ | 102430202059 | വാർദ്ധക്യകാലം | 15.04.19 | ആക്ടീവ് | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്.<br>മരണവിവരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| കൊച്ചപ്പി | 102440100632 | കർഷക തൊഴിലാളി | 31.03.19 | ആക്ടീവ് | കിഴുവിലം ഗ്രാമപഞ്ചായത്ത്.<br>മരണവിവരം കിഴുവിലം ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| കമലമ്മ | 101730600113 | വിധവ | 17.04.19 | ആക്ടീവ് | 05/19 മുതൽ 07/19 വരെ-1200 X 3 = 3600 | 3600 |
| രവി | 101730203098 | വാർദ്ധക്യകാലം | 03.05.19 | ആക്ടീവ് | 06/19 മുതൽ 07/19 വരെ-1200 X 2 = 2400 | 2400 |
| ശ്രീകാന്തൻ | 101730201170 | വാർദ്ധക്യകാലം | 31.03.19 | ആക്ടീവ് | 04/19 മുതൽ 07/19 വരെ-1200 X 4 = 4800 | 4800 |
| രാധമ്മ | 102450203922 | വാർദ്ധക്യകാലം | 13.03.19 | ആക്ടീവ് | മുദാക്കൽ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം മുദാക്കൽ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| സേതുക്കുട്ടിയമ്മ | 101730201004 | വാർദ്ധക്യകാലം | 19.05.19 | ആക്ടീവ് | 06/19 മുതൽ 07/19 വരെ-1200 X 2 = 2400 | 2400 |
| ആയിഷാബീവി | 102280200293 | വാർദ്ധക്യകാലം | 07.06.19 | ആക്ടീവ് | മണമ്പൂർ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം മണമ്പൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| സുദർശനകുമാരിയമ്മ | 102460201791 | വാർദ്ധക്യകാലം | 25.05.19 | സസ്പെൻഡ് | കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| രമ | 101730200457 | വാർദ്ധക്യകാലം | 24.10.18 | ആക്ടീവ് | 11/18 മുതൽ 03/19 വരെ - 1100 X 5 = 5500<br>04/19 മുതൽ 07/19 വരെ-1200 X 4 = 4800 | 10300 |
| രാജകി | 101730100233 | കർഷകതൊഴിലാളി | 10.01.19 | ആക്ടീവ് | 02/19 മുതൽ 03/19 വരെ - 1100 X 2 = 2200<br>04/19 മുതൽ 07/19 വരെ-1200 X 4 = 4800 | 7000 |
| സത്യഭാമ | 101730200537 | വാർദ്ധക്യകാലം | 29.01.19 | സസ്പെൻഡ് | 02/19 മുതൽ 03/19 വരെ - 1100 X 2 = 2200<br>04/19 മുതൽ 07/19 വരെ -1200 X 4 = 4800 | 7000 |
| ലക്ഷ്മി | 101730200323 | വാർദ്ധക്യകാലം | 23.02.19 | ആക്ടീവ് | 03/19 - 1100<br>04/19 മുതൽ 07/19 വരെ- 1200 X 4 = 4800 | 5900 |
| രവി.കെ | 101730202038 | വാർദ്ധക്യകാലം | 14.03.19 | സസ്പെൻഡ് | 04/19 - 1200 | 1200 |

| | | | | | | |
|---|---|---|---|---|---|---|
| പ്രസന്ന | 102400202286 | വാർദ്ധക്യകാലം | 18.02.19 | ആക്ടീവ് | അഴൂർ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം അഴൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| ഹരിപഞ്ചാനൻ | 101730201560 | വാർദ്ധക്യകാലം | 17.12.18 | ആക്ടീവ് | 01/19 മുതൽ 03/19 വരെ - 1100 X 3 = 3300<br>04/19 മുതൽ 07/19 വരെ-1200 X 4 = 4800 | 8100 |
| ശങ്കു | 101740201551 | വാർദ്ധക്യകാലം | 30.12.18 | ആക്ടീവ് | നെടുമങ്ങാട് മുനിസിപ്പാലിറ്റി.<br>നെടുമങ്ങാട് മുനിസിപ്പാലിറ്റിയെ അറിയിക്കേണ്ടതാണ്. | |
| കനകമ്മ | 101730200385 | വാർദ്ധക്യകാലം | 09.01.19 | ആക്ടീവ് | 02/19 മുതൽ 03/19 വരെ - 1100 X 2 = 2200<br>04/19 മുതൽ 07/19 വരെ-1200 X 4 = 4800 | 7000 |
| താജുദ്ദീൻ | 102280201759 | വാർദ്ധക്യകാലം | 21.01.19 | ആക്ടീവ് | മണമ്പൂർ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം മണമ്പൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| ശാന്തകുമാരിയമ്മ | 101730600738 | വിധവ | 17.12.18 | ആക്ടീവ് | 01/19 മുതൽ 03/19 വരെ - 1100 X 3 = 3300<br>04/19 മുതൽ 07/19 വരെ-1200 X 4 = 4800 | 8100 |
| | | | | | ആകെ | 88200 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2019-20 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആറ്റിങ്ങൽ നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആറ്റിങ്ങൽ നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 50/28.02.22) 2016 മുതൽ പെൻഷനുകൾ DBT സെല്ലിൽ നിന്നും നേരിട്ട് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നിക്ഷേപിക്കുന്നതിനാൽ അപാകതയ്ക്കുള്ള കാരണം സെക്ഷന് വ്യക്തമാക്കാൻ കഴിയില്ല എന്ന് മറുപടി നൽകിയിരിക്കുന്നു. എന്നാൽ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ അനർഹമായി നൽകിയ 88200/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

നഗരസഭ ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ പറയുന്ന ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | 101730201053 | വാർദ്ധക്യകാലം | 04.06.19 | ആക്ടീവ് |
| 2 | 102430202872 | വാർദ്ധക്യകാലം | 16.06.19 | ആക്ടീവ് (ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്)<br>മരണവിവരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. |
| 3 | 102420200627 | വാർദ്ധക്യകാലം | 24.04.19 | ആക്ടീവ് (വക്കം ഗ്രാമപഞ്ചായത്ത്)<br>മരണവിവരം വക്കം ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. |

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ആറ്റിങ്ങൽ നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 50/28.02.22 ന് ലഭ്യമാക്കിയ മറുപടിയിൽ മരണപ്പെട്ട വ്യക്തിയുടെ വിവരങ്ങൾ ബന്ധപ്പെട്ടവർ നഗരസഭയിൽ ലഭ്യമാക്കാത്തതിനാലാണ് അവരെ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ കഴിയാത്തത് എന്ന് അറിയിച്ചിരിക്കുന്നു. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് നഗരസഭ സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. അതിനാൽ എത്രയും പെട്ടെന്ന് അതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-3 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നു

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിന്നും അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/20-DBT-1(DP) നം. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അനർഹമായി പെൻഷൻ കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | ആധാർ നം. | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ആനന്ദവല്ലി.കെ | 101730201824 | 375984081539 | വിവരം ലഭ്യമല്ല |
| 2 | അപ്പു.എ | 101730202241 | 257021171181 | വിവരം ലഭ്യമല്ല |
| 3 | സുധ | 101730601495 | 575119897832 | വിവരം ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| 4 | രമണിഅമ്മ.ആർ | 101730600156 | 726030450760 | വിവരം ലഭ്യമല്ല |
| 5 | ഉഷാകുമാരി.ആർ | 101730600448 | 567213967778 | വിവരം ലഭ്യമല്ല |
| 6 | സരളദേവി.ബി | 101730600802 | 359663022819 | വിവരം ലഭ്യമല്ല |
| 7 | ശാരദാക്കുട്ടി | 101730202389 | 547432869248 | വിവരം ലഭ്യമല്ല |
| 8 | ഭാസി.പി | 101730202249 | 708574671003 | 68700 |
| 9 | ശിശുവതി.കെ | 101730201650 | 921912715845 | 54200 |
| 10 | തങ്കമണിയമ്മ | 101730201794 | 233976976771 | 53600 |
| 11 | ലളിതമ്മ | 101730201842 | 840401483341 | 54300 |
| 12 | രുഗ്മിണി.റ്റി | 101730201941 | 334577424270 | 40200 |
| 13 | ബേബി | 101730202007 | 568057827549 | 52000 |
| 14 | വസന്ത | 101730202626 | 460050106682 | 42400 |
| 15 | ദീപ്തി.കെ.എൽ | 101730601586 | 895221631932 | 28600 |

പട്ടികയിൽ ക്രമ നം. 8 ആയി ഉൾപ്പെട്ടിട്ടുള്ള ഭാസി.പി എന്നയാളിന് പെൻഷൻ അനുവദിച്ചതു സംബന്ധിച്ച് സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ പ്രസ്തുത വ്യക്തിയ്ക്ക് 04/19 വരെ ക്ഷേമപെൻഷൻ അനുവദിക്കുകയും 05/19 മുതൽ 07/19 വരെയുള്ള മാസങ്ങളിലെ ക്ഷേമപെൻഷൻ, സർവ്വീസ് പെൻഷൻ വാങ്ങുന്നതിനാൽ തടഞ്ഞു വെച്ചിരിക്കുകയുമാണ്. എന്നാൽ തുടർന്ന് 08/19, 09/19 മാസങ്ങളിലെ പെൻഷൻ തുക അനുവദിച്ചിരിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.25/24.02.22ന് ലഭ്യമാക്കിയ മറുപടി പ്രകാരം അനർഹമായി ക്ഷേമപെൻഷൻ കൈപ്പറ്റിയ മേൽ വ്യക്തികൾക്ക് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകിയിരുന്നുവെങ്കിലും യാതൊരു തുടർനടപടിയും ഉണ്ടായിട്ടില്ലെന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിച്ച് വിവരം നൽകുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ 2016 മുതൽ പെൻഷനുകൾ DBT സെല്ലിൽ നിന്നും നേരിട്ട് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നിക്ഷേപിക്കുന്നതിനാൽ ഭാസി.പി എന്നയാളുടെ പെൻഷൻ വിതരണത്തിലെ അപാകതയ്ക്കുള്ള കാരണം സെക്ഷന് വ്യക്തമാക്കാൻ കഴിയില്ല എന്നും അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. അതിനുള്ള ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതും പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം പെൻഷൻ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-5-4 ക്ഷേമപദ്ധതി - രജിസ്റ്റർ പരിപാലനം-അപാകങ്ങൾ

1. നഗരസഭയിൽ ക്ഷേമപെൻഷനുകൾക്ക് ഒന്നിനും രജിസ്റ്റർ പരിപാലിക്കുന്നില്ല. അതിനാൽ അപേക്ഷകന്റെ പേര്, അപേക്ഷ ലഭിച്ച തീയതി, സമയപരിധിക്കുള്ളിൽ അപേക്ഷയിന്മേൽ തീർപ്പുകല്പിച്ചിട്ടുണ്ടോ, സ്വീകരിക്കുന്ന നടപടികളുടെ വിവരം (അംഗീകാരം/നിരസിക്കൽ, ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം, അനുവദിച്ച പെൻഷൻ നം.) എന്നിവയടക്കമുള്ള വിവരങ്ങൾ ഒന്നും തന്നെ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. 1988 ലെ കേരള തൊഴിൽരഹിത വേതന ചട്ടങ്ങൾ ചട്ടം 6 (iii) പ്രകാരം അപേക്ഷകരുടെ വിവരം കാണിക്കുന്ന ഫോറം 4 രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ സൂക്ഷിക്കുന്ന രജിസ്റ്റർ ഫോറം 4 പ്രകാരമുള്ളതല്ല. കൂടാതെ ലഭ്യമാക്കിയ തൊഴിൽരഹിത വേതന അപേക്ഷ രജിസ്റ്റർ പൂർണമല്ല. പല രജിസ്റ്റർ നമ്പറുകളിലും യാതൊരു രേഖപ്പെടുത്തലുകളും ഇല്ല. അപേക്ഷ ലഭിച്ച തീയതി, അപേക്ഷകരുടെ ജനനതീയതി, ആനുകൂല്യം അവസാനിക്കുന്ന കാലയളവ്, എന്നിവയൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ സാമ്പത്തികവർഷം തിരിച്ചിട്ടില്ല. ആയതിനാൽ 2019-20 ൽ എത്ര അപേക്ഷ ലഭിച്ചു എന്ന് രജിസ്റ്റർ പ്രകാരം വ്യക്തമല്ല.

ഓരോ ക്ഷേമപെൻഷനുകൾക്കും പ്രത്യേക രജിസ്റ്റർ ഇനി മുതൽ പരിപാലിക്കുന്നതായിരിക്കുമെന്നും ചട്ടങ്ങൾ പ്രകാരമുള്ള ഫോറം 4 രജിസ്റ്റർ ഇനി മുതൽ സൂക്ഷിക്കുമെന്നും യഥാക്രമം ഓഡിറ്റ് അന്വേഷണം നം. 51/28.02.22, ഓഡിറ്റ് അന്വേഷണം നം. 24/24.02.22 എന്നിവയ്ക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആയത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-5 തൊഴിൽരഹിത വേതനം - ആനുകൂല്യത്തിനുള്ള കാലയളവ് കൂടി പരിശോധിക്കേണ്ടതാണ്.

തൊഴിൽരഹിത വേതനം അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം രജിസ്റ്റർ നം. 84-സതി.എൻ, എന്നയാളിന് 07/19 വരെയുള്ള വേതനം നൽകിയിരിക്കുന്നു. ടിയാളുടെ ജനനതീയതി 31.05.1984 ആണ്. അതിനാൽ ആനുകൂല്യം അവസാനിക്കുന്നത് 05/19 നാണ്. 06/19, 07/19 മാസങ്ങളിൽ തൊഴിൽരഹിത വേതനം ആകെ 240 രൂപ അധികമായി അനുവദിച്ചിരിക്കുന്നു.

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 24/24.02.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം പിഴവുകൾ വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2019 – 2020 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 23.02.2022 തീയ്യതിയിൽ 11:15AM ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 4,91,907/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

മുനിസിപ്പാലിറ്റിയുടെ തനത് വരവിനങ്ങൾ ഡിമാന്റ് ചെയ്യുന്നതിലും പിരിച്ചെടുക്കുന്നതിലും വേണ്ടത്ര ശുഷ്കാന്തി പുലർത്തി കാണുന്നില്ല. വാടക, ലേലം ഇനങ്ങളിലുള്ള കുടിശ്ശിക തുക ഈടാക്കുന്നതിലും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചതായി കാണുന്നു.

2019-20 വർഷത്തെ പദ്ധതിച്ചെലവുകൾ വളരെ കുറവായത് കാരണം ലഭ്യമായ ഫണ്ടുകളിലെ വലിയൊരു ശതമാനം ലാപ്സായതായി കാണുന്നു.

പാഴ്ചെലവുകൾ കുറയ്ക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. വെള്ളപ്പൊക്കം, കോവിഡ് വ്യാപനം എന്നിവയെ തുടർന്ന് കേരളമൊട്ടാകെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട സമയത്ത്, മുനിസിപ്പൽ ചെയർപേഴ്സണിന് വേണ്ടി 13 ലക്ഷത്തിലധികം രൂപ ചെലവിട്ട് വാങ്ങിയ പുതിയ വാഹനത്തിന് ആഡംബര സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2 ലക്ഷത്തിലധികം രൂപ ചെലവിട്ടത് സാമ്പത്തിക അച്ചടക്കമില്ലായ്മയ്ക്ക് ഉദാഹരണമാണ്.

ജീവനക്കാർ നിർബന്ധമായും സബ്സ്ക്രൈബ് ചെയ്യേണ്ട GIS/SLI ഇൻഷ്വറൻസ് തുക ഈടാക്കുന്നതിലും, കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണത്തെ തുടർന്നുള്ള ശമ്പളനിർണയങ്ങൾ സംസ്ഥാന ഓഡിറ്റ് വകുപ്പിൽ അയച്ച് അംഗീകാരം നേടുന്നതിലും സെക്രട്ടറിയുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ട്.

## 1-8 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 0 | 0 | 0 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 3803913 | 878952 | 4682865 | 4646378 | 36487 |
| ആകെ | 3803913 | 878952 | 4682865 | 4646378 | 36487 |

### 1-8-1 തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ

2019- 2020 സാമ്പത്തികവർഷത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അവലംബം – ഓഡിറ്റ് എൻക്വയറി നമ്പർ 07/21.02.2022 ന്റെ മറുപടി)

| | |
|---|---|
| 2019-20 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 54 |
| 2019-20 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 489 |
| 2019-20 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 468 |
| 100 ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | 15 |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | ഇല്ല |

| | |
|---|---|
| അയൽക്കൂട്ടങ്ങളുടെ എണ്ണം | 294 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | ഇല്ല |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | ഇല്ല |
| ആകെ വാർഡുകളുടെ എണ്ണം | 31 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 1 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | ഇല്ല |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 516 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 279 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 104 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 38.41 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 18782 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഇല്ല |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | പിഎംഎവൈ, ക്ഷീരകർഷകർക്കുള്ള അധികധനസഹായം |
| ആസ്തി രജിസ്റ്റർ | ഉണ്ട് |
| ലേബർ കംബോണന്റ് | 39,94,540 |
| മെറ്റീരിയൽ കംബോണന്റ് | 1,15,663 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 36 |
| 80-99 | 61 |
| 70-79 | 12 |
| 60-69 | 28 |
| 50-59 | 22 |
| 50 ൽ താഴെ | 309 |

പട്ടിക പ്രകാരം പിഎംഎവൈ, ക്ഷീരകർഷകർക്കുള്ള അധികധനസഹായം എന്നീ പദ്ധതികൾ അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്തിട്ടുണ്ട്. ഗ്രാമസഭയുടെ മുൻപിൽ അവതരിപ്പിച്ച് അംഗീകാരം നേടാതെ പദ്ധതികൾ നടപ്പിലാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ലേബർ ബജറ്റ് പ്രകാരം 516 പദ്ധതികൾ ചെയ്യാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും 279 എണ്ണത്തിന് മാത്രമാണ് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. സാങ്കേതിക അനുമതി ലഭിച്ചതിൽ തന്നെ 104 എണ്ണമാണ് 2019-20 വർഷം പൂർത്തീകരിച്ചിട്ടുള്ളത്. പഞ്ചായത്തിലെ ആകെയുള്ള 294 അയൽക്കൂട്ടങ്ങളിൽ ഒന്നും തന്നെ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ലേബർ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള കൂടുതൽ പദ്ധതികൾക്കു സാങ്കേതിക അനുമതി ലഭ്യമാക്കി അയൽകൂട്ടങ്ങളുടെ സേവനം കൂടി ഉൾപ്പെടുത്തി പദ്ധതി പൂർത്തീകരണത്തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 29.11.2016 | 2015-16 മുതൽ 2016-17 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.2018-03.07.2018 | 2016-17 മുതൽ 2017-18വരെ | 13.08.2018 |

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത

01.04.2019മുതൽ 31.03.2021 വരെയുള്ള രസീത് പരിശോധനയിൽ യാതൊരു കാരണവും രേഖപ്പെടുത്താതെ രസീതുകൾ റദ്ദ് ചെയ്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

ഉദാഹരണം: രസീത് ബുക്ക് നമ്പർ 5 ലെ രസീത് നമ്പർ 463

രസീത് ബുക്ക് നമ്പർ 19ലെ രസീത് നമ്പർ 1894

മേൽ അപാകത സംബന്ധിച്ച് കൊടുത്ത എൻക്വയറി (46/26.02.2022) യ്ക്ക് വരും വർഷങ്ങളിൽ രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ ഇത്തരത്തിലുള്ള അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുമെന്ന മറുപടി ആണ് ലഭിച്ചത്.

## 1-11 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

2011ലെ കേരള മുനിസിപ്പാലിറ്റി (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക IIലെ ക്രമ നമ്പർ 54 പ്രകാരം റേഷൻ ഡിപ്പോകളിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളവയുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/21.02.22 ന് നഗരസഭ പരിധിയിൽ ആകെ 20 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും അതിൽ ഒന്നുപോലും ലൈസൻസ് എടുത്തിട്ടില്ല എന്നും മറുപടി ലഭിച്ചു. മാത്രമല്ല, റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

### 1-11-1 ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

1. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല – നഗരസഭയിൽ ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിച്ചിട്ടില്ലാത്തതിനാൽ നഗരസഭാപരിധിയിൽ ഉള്ള എല്ലാ സ്ഥാപനങ്ങൾക്കും 2019-20 ൽ ലൈസൻസ് അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. വാർഡ് 11 മുതൽ 20 വരെയുള്ളവയിലെ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | അപാകതകൾ |
|---|---|---|---|
| 1 | ഹോം അപ്ലയൻസ് (ഗോഡൗൺ) | 12/422,423,424 | ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | എ.പി ആട്ടോ വർക് ഷോപ്പ് | 13/187 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| 3 | ന്യൂ അറഫാ ചിക്കൻ സ്റ്റാൾ | 13/365 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രത്തിന്റെ കാലാവധി 31.05.19 തീയതി വരെ മാത്രമാണ്. |
| 4 | ഫ്യൂൽ പമ്പ് | 15/400 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രത്തിന്റെ കാലാവധി 31.01.19 തീയതി വരെ മാത്രമാണ്. 2019-20 ലെ അപേക്ഷയോടൊപ്പം 2018-19 ലെ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിരിക്കുന്നു. |
| 5 | വെൽഡിംഗ് വർക് ഷോപ്പ് | 16/436 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 6 | വർക് ഷോപ്പ് | 16/437 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| 7 | സർവ്വീസ് സ്റ്റേഷൻ | 16/437(1) | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| 8 | വർക് ഷോപ്പ് | 16/418,419 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| 9 | വിനായക ഓട്ടോ ഗ്യാരേജ് | 16/422 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| 10 | Manufacturing & Sales Of Waste Managemant Equipments | 16/310 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| 11 | Golden Furniture & Appliances | 16/250 | ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| 12 | അലീന ഫർണിച്ചർ ഗോഡൗൺ | 11/771 | ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| 13 | ടൂ വീലർ വർക് ഷോപ്പ് | 17/707,708 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| 14 | എൻ.എൻ.ഓയിൽ ഇൻഡസ്ട്രീസ് | 17/783,784 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രത്തിന്റെ കാലാവധി 30.11.19 തീയതി വരെ മാത്രമാണ്. |
| 15 | അഹല്യ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റൽ | 17/12 - 15 | Image Certificate ന്റെ കാലാവധി 31.03.19 വരെ മാത്രമാണ്. |
| 16 | കുക്കു സാ മിൽ | 19/235 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം പ്രകാരം 32 HP യന്ത്രം ഉപയോഗിക്കുന്നു. എന്നാൽ അതിനുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. |
| 17 | കുക്കു കാർപെന്ററി വർക്സ് | 20/273 | 3.5 HP യന്ത്രം ഉപയോഗിക്കുന്നു. എന്നാൽ അതിനുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. |

3. ലൈസൻസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കാത്ത രേഖകൾ ലഭ്യമാക്കുന്നതിന് നോട്ടീസ് നൽകിയിട്ടും രേഖകൾ ലഭ്യമാക്കിയില്ല - ചുവടെ പറയുന്ന പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | നോട്ടീസ് പ്രകാരം ആവശ്യപ്പെട്ട രേഖകൾ |
|---|---|---|---|
| 1 | ഡ്രീം മോട്ടോഴ്സ് | 12/396 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം, മാലിന്യ സംസ്കരണത്തിന് ഏർപ്പെടുത്തിയ സംവിധാനം |
| 2 | ഹോം അപ്ലയൻസ് ഗോഡൗൺ | 12/519(2) | ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നുള്ള നിരാക്ഷേപപത്രം |
| 3 | സലൈല മോട്ടോർ വർക് ഷോപ്പ് | 13/99 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം |
| 4 | ഗംഗാ കല്യാണമണ്ഡപം | 16/371 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം, മാലിന്യ സംസ്കരണത്തിന് ഏർപ്പെടുത്തിയ സംവിധാനം |
| 5 | ദിയ മൊബിക്സ് | 16/250(19) | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം, ടൂവീലർ സർവ്വീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേക കെട്ടിട നമ്പർ ലഭ്യമാക്കണം. |
| 6 | പള്ളിയറ റസിഡൻസി | 16/215 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം, ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നുള്ള നിരാക്ഷേപപത്രം, സ്ഥാപിച്ചിട്ടുള്ള ജനറേറ്ററിനു മുനിസിപ്പൽ സെക്ഷൻ 448 പ്രകാരമുള്ള ലൈസൻസ് |

4. കെട്ടിട നം. 16/292 – സൺ ഓഡിറ്റോറിയം - മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം, ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നുള്ള നിരാക്ഷേപത്രം എന്നിവ ലഭ്യമാക്കുന്നതിന് നോട്ടീസ് നൽകുന്നതിന് അപേക്ഷയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നോട്ടീസ് നൽകിയിട്ടുള്ളതായി കാണുന്നില്ല. ലൈസൻസ് അനുവദിച്ചിരിക്കുന്നു.

5. കെട്ടിട നം. 16/373 – നിതിൻ സണ്ണി എന്ന വ്യക്തി പ്രസ്തുത കെട്ടിടത്തിൽ 2 സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസിന് അപേക്ഷിക്കുകയും കാവേരി തീയറ്റർ & ക്യാന്റീൻ, യമുന തീയറ്റർ എന്നീ സ്ഥാപനങ്ങൾക്ക് ഒരേ സമയം ലൈസൻസ് അനുവദിച്ചിരിക്കുകയും ചെയ്തിരിക്കുന്നു.

6. കെട്ടിട നം. 17/150,155 – ഹെർക്കുലീസ് സൂപ്പർ ബസാർ – 26.06.19 ന് നടത്തിയ സ്ഥല പരിശോധനയിൽ പ്ലാസ്റ്റിക്, ചപ്പുചവറുകൾ, മാലിന്യങ്ങൾ എന്നിവ കൂട്ടിയിട്ടിരിക്കുന്നതായി ബോധ്യപ്പെട്ടു എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ അതേ തീയതിയിൽ തന്നെ ലൈസൻസ് അനുവദിച്ചിരിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/25.02.22 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ക്രമ നം. 1 – നഗരസഭയിൽ നാളിതു വരെ വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലെന്നും തുടർന്നുള്ള വർഷങ്ങളിൽ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

ക്രമ നം. 2 – പട്ടികയിൽ ക്രമ നം. 15 വരെയുള്ളവയിൽ നിന്നും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിന് നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതാണെന്നും ക്രമ നം. 16,17 എന്നിവയിൽ നിന്നും യന്ത്രങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ക്രമ നം. 3 മുതൽ 6 വരെ - ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

മറുപടി പ്രകാരം അറിയിച്ചിട്ടുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ എല്ലാ അനുബന്ധരേഖകളും പൂർണമായി ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും തുടർന്ന് മാത്രം ലൈസൻസ് അനുവദിക്കേണ്ടതുമാണ്.

## 1-12 സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ

1. 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. എന്നാൽ 2019-20 ൽ രജിസ്ട്രേഷൻ പുതുക്കിയ ചുവടെ പറയുന്ന സ്ഥാപനം പ്രസ്തുത സമയക്രമം പാലിച്ചിട്ടില്ല.

| രജിസ്ട്രേഷൻ നം. | ലൈസൻസിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | രജിസ്ട്രേഷൻ പുതുക്കിയ തീയതി |
|---|---|---|---|
| 76 | ഡോ.ഗീതു.ആർ.ജി | ഡോ.ഗീതൂസ് ഡെന്റ് കെയർ | 16.05.20 |

2. 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(6) പ്രകാരം 2-ാം നമ്പർ ഫോറത്തിലുള്ള പ്രത്യേക രജിസ്റ്ററിലാണ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. എന്നാൽ നഗരസഭയിൽ സൂക്ഷിക്കുന്ന രജിസ്റ്റർ ഫോറം 2 പ്രകാരമുള്ളതല്ല. ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ആകെ 76 സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ അതിൽ 59 എണ്ണം മാത്രമാണ് 2019-20 ൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളത്.

3. രജിസ്റ്റർ പ്രകാരം 2019-20 ൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള ചുവടെ പറയുന്ന സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ അവ പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നതായി കാണുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമ, വിലാസം | പ്രവർത്തിക്കുന്ന സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 30/10 | പത്മാസനൻ.എസ്, ലളിതാംബിക | പാൻ ഹോസ്പിറ്റൽ |
| 2 | 30/570(1) | വാസുദേവൻ നായർ, കവിത ഹൗസ് | വിനീസ് ഡെന്റൽ കെയർ |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 37/25.02.22 ന ലഭ്യമാക്കിയ മറുപടി പ്രകാരം, ക്രമ നം. 1 ലെ സ്ഥാപനം 2020-21 ലാണ് പ്രവർത്തനം ആരംഭിച്ചതെന്നാണ്. എന്നാൽ മറുപടി അംഗീകരിക്കാവുന്നതല്ല. 2020-21 ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുതുക്കിയത് സംബന്ധിച്ച വിവരം എങ്ങനെയാണ് 2019-20 ലെ രജിസ്റ്ററിൽ വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതാണ്. ക്രമനം. 2 ൽ പരാമർശിക്കുന്ന ഫോറം 2 പ്രകാരമുള്ള രജിസ്റ്ററാണ് നിലവിൽ ഉപയോഗിക്കുന്നതെന്ന് അറിയിച്ചിരിക്കുന്നു. കൂടാതെ ക്രമ നം. 3 ലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളെ വാണിജ്യവിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-1 വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് - രേഖകൾ പൂർണമല്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 437 പ്രകാരം നഗരസഭയിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായും ലൈസൻസ് കാലാവധി രേഖപ്പെടുത്തി അവ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. 2018-19 ൽ 65 എണ്ണത്തിന് ലൈസൻസ് നൽകിയിരുന്നെങ്കിലും 2019-20 ൽ വെറും 19 എണ്ണത്തിന് മാത്രമാണ് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്. കൂടാതെ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2 എണ്ണത്തിന് അനുവദിച്ച ലൈസൻസിന്റെ പകർപ്പ് മാത്രമാണ് ബന്ധപ്പെട്ട ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. 2019-20 ലെ സ്റ്റാറ്റസ് റിപ്പോർട്ട് ഹാജരാക്കാത്തതിനാൽ നഗരസഭാപരിധിയിൽ ആകെ എത്ര വളർത്തു നായ്ക്കളുണ്ടെന്നുള്ള വിവരം ലഭ്യമല്ല.

മേൽ അപാകതകൾക്കുള്ള മറുപടിയും ലൈസൻസിനുള്ള അപേക്ഷകളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.55/28.02.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. നഗരസഭാ പരിധിയിൽ ഉള്ള എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ചട്ട വിരുദ്ധമായ ലേല നടപടിക്രമം -കുടിശ്ശിക തുകയായ 1,68,800/-രൂപ ഈടാക്കേണ്ടതാണ്.

മാമം ഗ്രൗണ്ടിലെ ഡ്രൈവിംഗ് പരിശീലനത്തിനു ലേലം കൊണ്ട വ്യക്തിയായ ശ്രീ.മോഹനൻ. അക്ഷര, ആറ്റിങ്ങൽ എന്ന വ്യക്തിയിൽ നിന്നും ലേല കുടിശ്ശികയായ 1,68,800/-രൂപ ഈടാക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-14 രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യപത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ലേലം, വാടക എന്നിവയുടെ രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യപത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | രജിസ്റ്ററിലെ തുക | വാർഷിക ധനകാര്യപത്രികയിലെ തുക |
|---|---|---|---|
| 1 | Market Fees | 26,42,088/- | 28,29,488/- |
| 2 | Bus Stand Fees | 5,45,500/- | 75,62,55/- |
| 3 | Rent From Conferance Hall | 2,19,000/- | 2,46,000/- |
| 4 | Receivables From Civic Aminites | 24,71,384/- | 25,92,066/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29 /22 തീയതി 25.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

യഥാർത്ഥത്തിൽ വരവ് വന്ന തുകകളും രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുത്തുന്നതിൽ വീഴ്ച്ച വരാതിരിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ആലംകോട് ഷോപ്പിംഗ് കോംപ്ലക്സ്-വാടക കുടിശ്ശികയായ 26380/രൂപ ഈടാക്കേണ്ടതാണ്.

ആലംകോട് ഷോപ്പിംഗ് കോംപ്ലക്സ് -KSEB യ്ക്ക് വാടകയ്ക്ക് (14/896-ാം നം കടമുറി)നൽകിയിരുന്നു. 27.01.2020 ലെ ജനറൽ കൗൺസിൽ മീറ്റിങ്ങിലെ 3-ാം നമ്പർ തീരുമാന പ്രകാരം 26380/രൂപ കുടിശ്ശിക ഇടാക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 43/22(26.02.2022) നു മറുപടി ലഭ്യമാക്കിയിട്ടില്ല.

KSEB യ്ക്ക് വാടകയ്ക്ക് നൽകിയ സ്ഥാപനം കരാർ വയ്ക്കുകയോ ആയതു പുതുക്കുകയോ ചെയ്തിട്ടില്ല. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനം ആറ്റിങ്ങൽ എം.എൽ.എ യുടെ നിർദ്ദേശപ്രകാരം Free Of Rent ആയി പ്രവർത്തിക്കുന്നുവെന്നാണ് വ്യക്തമാകുന്നത്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ നഗരസഭയുടെ കെട്ടിടം സൗജന്യമായി പ്രവർത്തിക്കുവാൻ കഴിയൂ എന്നുള്ള സാഹചര്യത്തിൽ KSEB യ്ക്ക് അത്തരത്തിൽ ഉത്തരവുകളൊന്നും ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല. വരവിനത്തിലെ ഇത്തരം നഷ്ടങ്ങൾ തനതു ഫണ്ടിൽ കുറവ് വരുത്തുന്നതാണ്.

കുടിശ്ശിക തുകയായ 26380/രൂപ രണ്ടു മാസത്തിനുള്ളിൽ ഈടാക്കി മുൻസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക സെക്രട്ടറിയുടെ പേരിൽ ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 1-16 അനധികൃതമായി മണ്ണ് നീക്കം -തുടർ നടപടി വിവരം ലഭ്യമാക്കിയില്ല.

ആറ്റിങ്ങൽ നഗരസഭാപരിധിയിലെ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ പഴയകെട്ടിടം പൊളിച്ച് പുതിയതു നിർമ്മിക്കുന്ന പ്രവൃത്തിക്കായി സ്കൂളിന്റെ പഴയകെട്ടിടത്തിന്റെ ഭാഗങ്ങൾ ലേലം ചെയ്തിരുന്നു. കെട്ടിടാവശിഷ്ടം നീക്കുന്ന അവസരത്തിൽ സൈറ്റിൽ നിന്നും 3.56 മീറ്റർ നീളത്തിലും 7 മീറ്റർ വീതിയിലും 0.50 മീറ്റർ ഉയരത്തിലും ഫൗണ്ടേഷനിൽ നിറച്ചിരുന്ന മണ്ണ് അനധികൃതമായി നീക്കം ചെയ്തതായി ഓവർസീയർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൈറ്റിൽ നിന്നും സാധനങ്ങൾ മാറ്റിയ കരാറുകാരനായ ശ്രീ.പ്രഹ്ളാദൻ,വി.എസ്.എസ്.ട്രേയ്ഡേഴ്സ്, പാച്ചല്ലൂർ എന്ന വ്യക്തിയാണെന്നുള്ള നിഗമനത്തിൽ അനധികൃതമായി നീക്കം ചെയ്ത മണ്ണ് തിരികെ കൊണ്ടിടുവാൻ കത്ത് നൽകി. എന്നാൽ സ്കൂൾ അധികൃതരുടെ നേതൃത്വത്തിലും സാമീപ്യത്തിലുമാണ് താൻ സാധനങ്ങൾ കൊണ്ടു പോയതെന്നും അനധികൃതമായി മണ്ണ് കൊണ്ട് പോയിട്ടില്ലെന്നും ടിയാൾ അറിയിച്ചിരിക്കുന്നു. ഇതിന്റെ യഥാർത്ഥ വിവരം ആരാഞ്ഞുകൊണ്ട് 2.06.2021 ൽ R4/1747/14 നം കത്ത് സ്കൂൾ പ്രഥമാദ്ധ്യാപികയ്ക്ക് നൽകിയെങ്കിലും ആയതിനു നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 സേവന പുസ്തകങ്ങളുടെ പരിശോധന - ശമ്പള പരിഷ്കരണങ്ങൾക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്

എ) ആറ്റിങ്ങൽ നഗരസഭയിലെ ജീവനക്കാരുടെ സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ വിവിധ ശമ്പള പരിഷ്കരണങ്ങൾക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കാനവശേഷിക്കുന്നതായി കണ്ടു. കൂടാതെ ജീവനക്കാരുടെ സേവന പുസ്തകത്തിലെ Memmorandum Of Verification എന്ന പേജിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് / ഉദ്യോഗപ്പേര് | സേവനത്തിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1 | ശ്രീ.എസ്.എസ്.മനോജ്,ഹെൽത്ത് ഇൻസ്പെക്ടർ | 31.01.2003 |
| 2 | ശ്രീമതി ശ്രീലത.പി,ജെ.പി.എച്ച്.എൻ | 12.12.2004 |
| 3 | ശ്രീ.ആരിഷ്.എ.ആർ,ജെ.പി.എച്ച്.എൻ | 21.10.2004 |
| 4 | ശ്രീ.അനിൽകുമാർ.സി,സൂപ്രണ്ട് | 05.02.2003 |
| 5 | ശ്രീ.രാജേഷ് കുമാർ.ആർ.സി,സൂപ്രണ്ട് | 19.11.2001 |
| 6 | ശ്രീമതി മഞ്ജുഷ.ആർ.എ, സീനിയർ ക്ലാർക്ക് | 12.03.2010 |
| 7 | ശ്രീമതി ഗ്രീഷ്മ രാജ്.എം.എസ്, ലൈബ്രേറിയൻ | 15.02.2014 |
| 8 | ശ്രീമതി സ്മിത.ആർ.പി,ക്ലാർക്ക് | 18.03.2010 |

| | | |
|---|---|---|
| 9 | ശ്രീ.പ്രമോദ് കുമാർ.ബി.എൽ,സീനിയർ ക്ലാർക്ക് | 13.07.2009 |
| 10 | ശ്രീ.അജിത്ത് ലാൽ,ക്ലാർക്ക് | 7.06.2013 |
| 11 | ശ്രീമതി സുജ.എ.എസ്,ക്ലാർക്ക് | 01.12.2010 |
| 12 | ശ്രീ.സതീഷ്.കെ,സീനിയർ ക്ലാർക്ക് | 28.04.1988 |
| 13 | ശ്രീ.ടെന്നി ബ്രൗൺലി,എൽ.ഡി.ടൈപ്പിസ്റ്റ് | 19.09.2015 |
| 16 | ശ്രീമതി ശില്പ.യു.എസ്,ഓഫീസ് അറ്റൻഡന്റ് | 25.01.2016 |
| 17 | ശ്രീ.വിനോദ്.വി.എസ്,ഡ്രൈവർ ഗ്രേഡ് II | 31.03.2014 |
| 18 | ശ്രീമതി റീജാമോൾ.റ്റി.എസ്,ഓഫീസ് അറ്റൻഡന്റ് | 21.07.2016 |
| 19 | ശ്രീമതി ബിന്ദു.കെ.നായർ,ഓഫീസ് അറ്റൻഡന്റ് | 29.08.2016 |
| 20 | ശ്രീമതി റഹിയാനത്ത് ബീവി,ഓഫീസ് അറ്റൻഡന്റ് | 07.09.2018 |
| 21 | ശ്രീമതി രേണു.എസ്.നായർ,ഓഫീസ് അറ്റൻഡന്റ് | 18.08.2018 |
| 22 | ശ്രീ.കെ.സതീഷ് കുമാർ,ഓഫീസ് അറ്റൻഡന്റ് | 16.10.1998 |
| 23 | ശ്രീ.കെ .മണികണ്ഠൻ,ഓഫീസ് അറ്റൻഡന്റ് | 10.11.2010 |
| 24 | ശ്രീമതി ദീപ.എസ്,ഓഫീസ് അറ്റൻഡന്റ് | 27.03.2018 |
| 25 | ശ്രീമതി സിന്ധു.കെ,ഓഫീസ് അറ്റൻഡന്റ് | 18.03.2013 |
| 26 | ശ്രീമതി റീനാകുമാരി, ക്ലർക്ക് | 12.07.2010 |
| 27 | ശ്രീമതി സാബിറബീഗം.എൻ, ക്ലർക്ക് | 12.03.2010 |
| 28 | ശ്രീമതി ഷീന.എച്ച്.എസ്, ക്ലർക്ക് | 26.11.2012 |
| 29 | ശ്രീമതി മിനിമോൾ, ക്ലർക്ക് | 25.01.2014 |
| 30 | ശ്രീമതി ബിസ്മി സത്താർ, ക്ലർക്ക് | 07.05.2018 |
| 31 | ശ്രീമതി സജീന.ബി,എൽ.ഡി.സി | 21.06.2008 |
| 32 | ശ്രീമതി മോളു പ്രിൻസസ്, ക്ലർക്ക് | 26.08.2015 |
| 33 | ശ്രീമതി.അശ്വതി.റ്റി, ക്ലർക്ക് | 13.02.2104 |

ബി) ചുവടെ ചേർക്കുന്ന ജീവനക്കാരുടെ എല്ലാ ശമ്പള നിർണ്ണയങ്ങളും അംഗീകരിച്ചിട്ടില്ല.

| ക്രമ നം | പേര് / ഉദ്യോഗപ്പേര് | അവസാനം അംഗീകരിച്ച ശമ്പള പരിഷ്കരണം |
|---|---|---|
| 1 | ശ്രീ.ബി.അജയകുമാർ,ഹെൽത്ത് സൂപ്പർവൈസർ | 1.07.2014 |
| 2 | ശ്രീമതി.സുമ.ഒ,ജെ.പി.എച്ച്.എൻ | 1.07.2014 |
| 3 | ശ്രീമതി.ഷീബ.സീനിയർ ക്ലാർക്ക് | 1.07.2014 |
| 4 | ശ്രീ.സോൺ സുന്ദർ, എസ്.എൽ,ഹെൽത്ത് ഇൻസ്പെക്ടർ | 1.07.2009 |
| 5 | ശ്രീമതി.ദീപ.ആർ.എസ്, സീനിയർ ക്ലാർക്ക് | 1.07.2014 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2.03.2022) ന മറുപടി ലഭ്യമാക്കിയില്ല.

ജീവനക്കാരുടെ ശമ്പള നിർണയങ്ങൾക്ക് അതാത് ശമ്പള പരിഷ്കരണ സമയങ്ങളിൽ തന്നെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം നേടേണ്ടതാണ്.

## 1-18 വസ്തു നികുതി -അപാകതകൾ

വസ്തു നികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1-18-1 കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് , 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നഗരസഭയിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിലെ അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 8,28.31എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പറുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Ward 8 Avavnavanchery | | | Ward 28 Thottavaram | | |
|---|---|---|---|---|---|
| From | To | Total | From | To | Total |
| 62 | 63 | 2 | 61 | 61 | 1 |
| 114 | 114 | 1 | 108 | 108 | 1 |
| 158 | 160 | 3 | 114 | 114 | 1 |
| 173 | 173 | 1 | 143 | 143 | 1 |
| 240 | 240 | 1 | 180 | 180 | 1 |
| 251 | 253 | 3 | 216 | 216 | 1 |
| 284 | 284 | 1 | 258 | 258 | 1 |
| 315 | 315 | 1 | 299 | 299 | 1 |
| 319 | 319 | 1 | 320 | 320 | 1 |
| 364 | 365 | 2 | 329 | 329 | 1 |
| 367 | 367 | 1 | 355 | 355 | 1 |
| 395 | 395 | 1 | 371 | 371 | 1 |
| | | | 400 | 769 | 370 |
| | ആകെ | 18 | ആകെ | | 382 |

| Ward 31 Melattingal | | |
|---|---|---|
| From | To | Total |
| 49 | 49 | 1 |
| 210 | 210 | 1 |
| 244 | 244 | 1 |
| 327 | 327 | 1 |
| 357 | 357 | 1 |
| 367 | 372 | 6 |
| 374 | 395 | 22 |
| | ആകെ | 33 |

പ്രസ്തുത അപാകത സോഫ്റ്റ്‌വെയറിന്റേതാണെന്നും ആയതു പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നം.3/21-2-22 ന്റെ മറുപടി).

വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ വിട്ടുപോയ കെട്ടിടങ്ങളുടെ വിവരം ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

1-18-2 മേഖല നിർണയം -സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയിരിക്കുന്നു .

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7,9 എന്നിവ പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിൽ നികുതി ഇളവ് അനുവദിക്കേണ്ടതുമാണ്.

എന്നാൽ മുനിസിപ്പാലിറ്റിയിലെ ഏതാനും വാർഡുകളുടെ വസ്തു നികുതിയുടെ മേഖല നിർണയത്തിന്റെ വിവരം സഞ്ചയയിൽ പരിശോധിച്ചപ്പോൾ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ മേൽവിലാസം | ഉപയോഗക്രമം | റോഡ് തരം/ റോഡിന്റെ പേര് | മേഖല |
|---|---|---|---|---|---|
| 1 | 1/671/3 | രാമചന്ദ്രൻ.എസ് വൃന്ദാവനം, ചാത്തൻപാറ ആറ്റിങ്ങൽ | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ/നെട്ടറോഡ് | ദ്വിതീയം |
| | 1/671/6 | ജയപ്രസാദ് ജനാർദ്ദവിലാസം ചാത്തൻപാറ ,ആറ്റിങ്ങൽ | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ/ നെട്ടറ റോഡ് | പ്രഥമം |
| 2 | 2/99/2 | ഷിഹാബുദ്ദീൻ-ഷിജി സാഹില ഡെയിൽ ആലംകോട് | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ/ തുളസി അമ്പലം റോഡ് | ദ്വിതീയം |
| | 2/117/2 | മുകുന്ദൻ കോട്ടൂർകോണം, ആലംകോട് | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ/തുളസി അമ്പലം റോഡ് | പ്രഥമം |
| 3 | 2/125/3 | ബീന.എസ്, ഹരിതം, പൂവൻപാറ, ആലംകോട് | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ/ കൈതവന റോഡ് | ദ്വിതീയം |
| | 2/130/1 | രമ,അഭിരാമം ആലംകോട്. | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ/ കൈതവന റോഡ് | പ്രഥമം |
| 4 | 2/147/1 | സുനിൽ-മല്ല, മീരാഭവൻ നിയർ വിളയിൽദേവി ക്ഷേത്രം | പാർപ്പിടം | 5 മീറ്ററോ അതിൽ കൂടുതൽ/ വിളപ്പുറം റോഡ് | പ്രഥമം |
| | 2/149/1 | മിനി.യു, അനീഷ് ഭവൻ, പൂവൻപാറ,ആലംകോട് | പാർപ്പിടം | 5 മീറ്ററോ അതിൽ കൂടുതൽ/ വിളപ്പുറം റോഡ് | ദ്വിതീയം |
| 5 | 2/185/1 | ഭീമാകുഞ്ഞ് കീഴേമംഗലയ്ക്കൽ വീട് പൂവൻപാറ,ആലംകോട് | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ/ വിളയിൽ ദേവി ക്ഷേത്രം റോഡ് | ദ്വിതീയം |
| | 2/190/1 | സുജിത്ത് കുമാർ ഗ്രീൻ ലാന്റ് പൂവൻപാറ,ആലംകോട് | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ /വിളയിൽദേവി ക്ഷേത്രം റോഡ് | പ്രഥമം |
| 6 | 3/29/1 | സജി.ജി അഭിനവം,മണ്ണൂർഭാഗം ആലംകോട് | പാർപ്പിടം | 1.5 മീറ്ററോ അതിൽകൂടുതൽ /ആലംകോട് എൽ.പി.എസ് മണ്ണൂർക്കോണം റോഡ് | പ്രഥമം |
| | 3/30/2 | ദിവ്യ ദേവാലയം,മണ്ണൂർഭാഗം ആലംകോട് | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ /ആലംകോട് എൽ.പി.എസ് മണ്ണൂർക്കോണം റോഡ് | ദ്വിതീയം |
| 7 | 9/3/2 | രമേഷ്- സിന്ധു ഭാഗ്യശ്രീ,തച്ചൂർക്കുന്ന് അവനവൻചേരി | പാർപ്പിടം | 5 മീറ്ററോ അതിൽ കൂടുതൽ / അയിലം റോഡ് | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | 9/16/2 | കൃഷ്ണപ്രിയ.ജി<br>പവിത്രം,തച്ചൂർക്കുന്ന്<br>അവനവൻചേരി | പാർപ്പിടം | 5 മീറ്ററോ അതിൽ കൂടുതൽ / അയിലം റോഡ് | പ്രഥമം |
| 8 | 10/177/3 | ജഗദീഷൻ-അഞ്ജന<br>ദേവോദയ്,രവിവർമ്മ ലെയിൻ,ആറ്റിങ്ങൽ | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ / പ്രൈവറ്റ് റോഡ് | പ്രഥമം |
| | 10/183/3 | ഹേമന്ദ് വേലായുധൻ<br>ഹേമന്ദം<br>രവിവർമ്മ ലെയിൻ,<br>ആറ്റിങ്ങൽ | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ / പ്രൈവറ്റ് റോഡ് | ദ്വിതീയം |
| 9 | 12/121/1 | ജോഫി ഫൈസൽ<br>നൂർ അൽ ഹയാത്ത്<br>രവിവർമ്മ ലെയിൻ,<br>ആറ്റിങ്ങൽ | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ / മുനിസിപ്പൽ കോളനി റോഡ് | പ്രഥമം |
| | 12/134/1 | ദിലീപ് മോഹൻ.എം.യു<br>നഭസ്,മുനിസിപ്പൽ കോളനി റോഡ്,ആറ്റിങ്ങൽ | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ / മുനിസിപ്പൽ കോളനി റോഡ് | ദ്വിതീയം |
| 10 | 14/401/1 | ലേഖ ദേവി<br>ശിവദം,അവനവൻചേരി | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ / ശാന്തി നഗർ റോഡ് | പ്രഥമം |
| | 14/410/2 | ഷീബ.എച്ച്<br>പൂവൽ വിള പുത്തൻ വീട്<br>ശാന്തി നഗർ,കിഴുവിലം | പാർപ്പിടം | 1.5 മീറ്ററോ അതിൽ കൂടുതൽ / ശാന്തി നഗർ റോഡ് | ദ്വിതീയം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 2/22 (21.02.2022) നുള്ള മറുപടിയിൽ

നികുതി നിർണയത്തിന്റെ ഭാഗമായി ഡേറ്റ എൻട്രി നടത്തിയപ്പോഴുള്ള പിഴവാണെന്ന് അറിയിച്ചിരിക്കുന്നു. ആയതിന്റെ അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നികുതി നിർണയം കൃത്യമായി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18-3. <u>മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല .</u>

സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങൾ പ്രകാരം ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതിയിനത്തിൽ വൻ തുക ഓരോ സ്ഥാപനവും അടവാക്കുവാൻ അവശേഷിക്കുന്നതായി സഞ്ചയയിൽ കാണുന്നു. വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടയുള്ള തുകകളാണ് അടവാക്കുവാനുള്ള തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നം | ഉടമസ്ഥന്റെ പേര് വിവരം | അടവാക്കേണ്ട കാലയളവ് | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 1/409/2 | M/S Indus Tower Ltd<br>8 Th Floor,Vankarath Tower,Edapally | 2009-2010 Ist Half To 2019-20 IInd Half | 183487/- |
| 2/513/ | Reliance InfratalLtd.<br>Reliance Mobile<br>Tower.36/628D | 2013-2014 Ist Half To 2019-2020 IInd Half | 203323/- |
| 30/515 | Deputy General Manager<br>Indus Tower Ltd | 2015-16 Ist Half To 2019-2020 IInd Half | 112860/- |
| 26/1228/1 | Dishnet Wireless Ltd (AIRCEL) | 2013-2014 Ist Half To 2019-2020 IInd Half | 64539/- |
| 10/149/2 | Aircell Dishnet Wireless Ltd<br>RRRK Near,Holiday Group | 2013-2014 Ist Half To<br>2019-2020 IInd Half | 104223/- |
| 28/375/2 | BSNL | 2013-2014 Ist Half To 2019-2020 IInd Half | 183957/- |
| 12/462/<br>. | Niza Navab<br>MubilecommunicationLtd | 2013-2014 Ist Half<br>2019-2020 IInd Half | 20171/- |
| 15/352/1 | Telecom Civil Sub Divisional Engineer<br>BSNL | 2013-2014 Ist Half<br>2019-2020 IInd Half | 101202/- |

| | | | |
|---|---|---|---|
| 23/113/2 | Deputy General Manager<br>Indus Tower Ltd | 2013-2014 Ist Half<br>2019-2020 IInd Half | 98053/- |
| 20/199/1 | Dishnet Wireless Ltd (AIRCEL) | 2013-2014 Ist Half To 2019-2020 IInd Half | 81395/- |
| 21/460/1 | BSNL | 2013-2014 Ist Half To 2019-2020 IInd Half | 183957/- |
| 17/492/2 | Dishnet Wireless Ltd (AIRCEL) | 2013-2014 Ist Half To 2019-2020 IInd Half | 72879/- |
| 17/36/1 | Dishnet Wireless Ltd (AIRCEL) | 2013-2014 Ist Half To 2019-2020 IInd Half | 80227/- |
| | | ആകെ | 1490273/-രൂപ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം 1/21.02.2022) മറുപടിയിൽ എല്ലാ വർഷവും മൊബൈൽ കമ്പനികൾക്ക് ഡിമാന്റ് നോട്ടീസ് നൽകുമെങ്കിലും നോട്ടീസ് കൈപ്പറ്റാതെ തിരികെ വരുകയാണ് ചെയ്യുന്നതെന്ന് അറിയിച്ചിരിക്കുന്നു. നികുതി പിരിച്ചെടുക്കുന്നതിനു റവന്യൂ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തി സ്ഥാപനത്തിന്റെ കുടിശ്ശിക തുകയായ 1417394/-രൂപ രണ്ട് മാസത്തിനകം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത വരവിന്മേലുള്ള നഷ്ടം സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

തുക അടവാക്കിയ പല സ്ഥാപനങ്ങളും അടവാക്കുവാനുള്ളവയുടെ പട്ടികയിലാണ്, സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ, മുനിസിപ്പാലിറ്റി ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത അപാകതയും പരിഹരിക്കേണ്ടതാണ്.

1-18-4 പെർമിറ്റ്, നമ്പറിങ്ങ് എന്നിവയുടെ ഫയലുകൾ യഥാവിധി പരിപാലിച്ചിട്ടില്ല .

2011-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11(1) (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നതുമായ വസ്തു നികുതി റിട്ടേൺ 10 -ാം ചട്ടം രണ്ടാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം 2 ൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ചട്ടത്തിലെ ചട്ടം 12 (4) അനുശാസിക്കും പ്രകാരം കെട്ടിട ഉടമ വസ്തു നികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി/അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആറ് മാസത്തിനകം സ്ഥലം സന്ദർശിച്ച് ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കി ആവശ്യമായ വിവരങ്ങൾ ഫോറം നമ്പർ 6 ൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണ്ണയം നടത്തി വിവരം അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ Updation നടത്തേണ്ടത്.

എന്നാൽ മുനിസിപ്പാലിറ്റിയിലെ പെർമിറ്റ്, നമ്പറിംഗ് എന്നിവയുടെ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. കൂടാതെ ഫോം 2,ഫോം 6 എന്നിവ ഫയലിൽ ലഭ്യമല്ല. നമ്പറിങ്ങ് ഫയൽ പരിശോധിച്ചതിൽ പെർമിറ്റ് നൽകിയതിന്റെ വിവരങ്ങളും,പണി പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ പ്ലാനും മാത്രമാണ് മിക്കവയിലും ലഭ്യമാക്കിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം | ഉടമസ്ഥന്റെ പേര് വിവരം | പെർമിറ്റ് നം |
|---|---|---|
| 1 | Nikhil &Ancy Subash<br>Sruthi,Mammom,Kizhuvilam.P.O | BA/290/19-20 |
| 10 | Unnikrishnan,Pooyam Nivas,Velankonam,Attingal | BA/299/19-20 |
| 24 | Jayasree.M,Vanjimuttathu Veedu,Kollampuzha,Attingal.P.O | BA/274/<br>19-20 |
| 11 | Manjula.S,MKS Vilasam,Vanchiyoor.P.O | BA/296/19-20 |
| 28 | Lilly,Dhoraka,Attingal.P.O,Thottavaram | BA/343/19-20 |
| 5 | Radha,Vadakkekkara Charuvila Veedu,Karichiyil,Attingal | BA/335/19-20 |
| 17 | Athulya.T.S,Padmavilasom, Ammachanmukku | BA/336/19-20 |
| 2 | Sabir.A, A.V.Manzil, Alamcode, Alamcode .P.O | BA/301/19-20 |
| 12 | Anitha, Prasanthi, Govt.Polytechnic Lane,Avanavancherry. | BA/306/19-20 |
| 15 | Dhanya.S.S, S.D.Bhavan,Karichiyil, Attingal.P.O | BA/308/19-20 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 18/22.02.2022) മറുപടിയിൽ പെർമിറ്റ് ഫയലിൽ തന്നെയാണ് നമ്പറിംഗിനു വേണ്ടി റവന്യൂ സെക്ഷനിലേക്ക് അയക്കുമ്പോൾ നികുതി വിവരം രേഖപ്പെടുത്തി ഫയൽ സെക്ഷനിലേക്ക് മടക്കുകയാണ് ചെയ്യുന്നതെന്ന് അറിയിച്ചിരിക്കുന്നു.

എന്നാൽ 2011-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള നടപടികളാണ് സെക്ഷൻ കൈക്കൊള്ളേണ്ടത്.

## 1-19 ഗാർഹിക കമ്പോസ്റ്റ് പദ്ധതി- സബ്സിഡി ഇനത്തിൽ അധികമായി നല്കിയ 45672/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം പേര് | S00204/20, ഗാർഹിക കമ്പോസ്റ്റ് (വീടുകളിൽ ബയോബിൻ) |
| അടങ്കൽ തുക | 914000/-(457000വികസനഫണ്ട്,457000 ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 456720/-(വികസന ഫണ്ട്) |
| ബിൽ നം തീയതി | 19010647005400032756, 5.4.19 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

വീടുകളിൽ കിച്ചൻ ബയോബിൻ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതി പ്രകാരം കാസർകോഡ് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്നും 346 കിച്ചൻ ബയോബിൻ ഒരെണ്ണത്തിന് 1320/- രൂപ നിരക്കിൽ 456720/- രൂപയ്ക്ക് വാങ്ങി. ഗുണഭോക്താക്കൾ 10% സബ്സിഡി അടയ്ക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ നഗരസഭയുടെ 9.9.2020 ലെ 10-ാം നമ്പർ തീരുമാന പ്രകാരം ഗുണഭോക്തൃവിഹിതം ഒഴിവാക്കി 100% സബ്സിഡി നിരക്കിൽ ആനുകൂല്യം നല്കാൻ തീരുമാനിച്ചു. ഗുണഭോക്തൃവിഹിതം ഈടാക്കാതെ 100% സബ്സിഡി ഉപയോഗിച്ച് ബിൻ വാങ്ങിയത് തെറ്റായ നടപടി ക്രമമാണ്.

സർക്കാർ അനുമതി ഇല്ലാതെ 10% സബ്സിഡി അധികമായി നല്കി പദ്ധതി നടപ്പിലാക്കിയത് സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. (വിശദവിവരം ഖണ്ഡിക 3-1 ൽ.)

## 1-20 ഏറ്റെടുത്ത സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചില്ല.സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തീയതി. 29.03.2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2019-'20 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 42 പ്രോജക്ടുകളും മുനിസിപ്പൽ എഞ്ചിനീയർ 09 പ്രോജക്ടുകളും സ്പിൽ ഓവറായി ഉൾപ്പെടുത്തിയെങ്കിലും യഥാക്രമം 24 പ്രോജക്ടുകളും 03 പ്രോജക്ടുകളും തൻവർഷം നടപ്പിലാക്കിയില്ല. സ.ഉ.(കൈ) നം.17/2018.ത.സ്വ.ഭ.വ. തീയതി.02.02.2018. ഖ.10 ൽ സ്പിൽ ഓവർ പദ്ധതികളുടെ തുടർ നടത്തിപ്പ് വ്യക്തമാക്കുന്നുണ്ട്. നടപ്പിലാക്കാത്ത 27 സ്പിൽ ഓവർ പദ്ധതികളെക്കുറിച്ചുള്ള നിലവിലെ അവസ്ഥ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.04&21) ലഭ്യമാക്കിയ മറുപടിയിൽ അസി എഞ്ചിനീയർ 26 സ്പിൽ ഓവർ പദ്ധതികൾ ആകെ പൂർത്തീകരിച്ചതായും ആകെ ഏറ്റെടുത്ത പദ്ധതികളിൽ 44പദ്ധതികൾ ഉപേക്ഷിച്ചതായും മറുപടി ലഭ്യമാക്കി. എന്നാൽ മുനിസിപ്പൽ എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. ഏറ്റെടുത്ത പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാത്തത് മൂലം വകയിരുത്തിയ ഫണ്ട് നഗരസഭയ്ക്ക് നഷ്ടമായി. സ്പിൽ ഓവർ പദ്ധതികളെ സംബന്ധിക്കുന്ന സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ഓടകളുടെ സൈഡ് വാൾ നിർമ്മാണം ഉയർന്നനിരക്കിലുള്ള കോൺക്രീറ്റ് ഉപയോഗിച്ച

പദ്ധതി -എസി.എസി.നഗറിലുള്ള സൈഡ് ഡ്രൈനിന്റെയും ബൈലെയ്നിന്റെയും മെയിന്റനൻസ് പ്രവൃത്തികൾ

പദ്ധതി നം -254/2020

അടങ്കൽ -250000/-(മെയിന്റനൻസ് ഫണ്ട്-റോഡ്)

ചെലവ് -198186/-

നിർവഹണം -അസി.എഞ്ചിനീയർ

കരാറുകാരൻ- -വി.മോഹനൻ.

ബിൽ നം -15/19-20 തീ. 11/07/19

എം ബുക്ക് നം -189/18-19

സാങ്കേതികാനുമതി -66738/2018-19

DSR 2016-Cost Index-44.12%-

MoRD സ്പെസിഫിക്കേഷനിലുള്ള ഓടകളുടെ സൈഡ് വാൾ നിർമ്മാണത്തിൽ M15 (1:2.5:5) സിമന്റ് കോൺക്രീറ്റാണ് ഉപയോഗിക്കേണ്ടത്. എന്നാൽ മേൽ സൂചിപ്പിച്ച പ്രോജക്ടിൽ M15 സ്പെസിഫിക്കേഷനിലുള്ള കോൺക്രീറ്റ് ഉപയോഗിക്കുന്നതിന് പകരം M20 സ്പെസിഫിക്കേഷനിലുള്ള ഉയർന്ന നിരക്കിലുള്ള സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചതായി കാണുന്നു. തൻമൂലം ഈ ഇനത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

ചെയ്ത പ്രവൃത്തി(എം ബുക്ക് പേജ് നം 7)

1x11x0.2x0.5=1.10 $M^3$

1x11x0.2x0.5=1.10$m^3$

1x27x0.12x0.5=1.62$m^3$

1x27x0.20x0.5=2.7$m^3$

......................................

ആകെ 6.52$m^3$

നൽകിയ തുക

6.52m3@8302.27/$M^3$=54130/-

M15 ഉപയോഗിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക

6.52m3@7531.92M3=49108/-

അധികച്ചെലവ്-5022 (54130-49108)

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വലിയ സെക്ഷനുള്ള ഓടകളുടെയും തോടുകളുടെയും സൈഡ് വാളുകളാണ് M15 കോൺക്രീറ്റ് ഉപയോഗിച്ച് ചെയ്യുന്നതെന്നും,ഓടകളുടെ സൈഡ് വാളിന്റെ വീതി 20സെ.മി.മാത്രമാണെന്നും,വാഹനങ്ങൾ കടന്ന് പോകാനുള്ള സാധ്യത ഉള്ളതിനാലുമാണ് M20 ഉപയോഗിച്ചത് എന്നാണ് മറുപടി ലഭ്യമാക്കിയത്. തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ 1.5 മീറ്റർ വരെ സ്പാൻ ഉള്ളതും ശരാശരി 20 സെ.മീ വീതിയുള്ള സൈഡ് വാളുകളുള്ളതും വാഹനങ്ങൾ കടന്ന് പോകുന്നതുമായ ഇടങ്ങളിൽ M15 കോൺക്രീറ്റാണ് ഉപയോഗിച്ച് വരുന്നത്. ഉയർന്ന സ്പെസിഫിക്കേഷൻ ,നിരക്ക് എന്നിവ ഉപയോഗിക്കേണ്ട സന്ദർഭങ്ങളിൽ ആയതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമായി സൂചിപ്പിക്കേണ്ടതും തുടർന്ന് ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-22 നഗരസഭ നിർവഹണം നടത്തിയ റോഡ്പ്രവൃത്തികൾ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്) നമ്പർ 17/2018/ ത.സ്വ.ഭ.വ. 02.02.2018 ലെ ഖണ്ഡിക 7.13.1 പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. നഗര സഭ തൻവർഷം നിരവധി റോഡ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്ടിവിറ്റി ഭൂപടം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയാണോ ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത് എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം5) മറുപടിയായി റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ലയെന്ന് അറിയിച്ചിട്ടുണ്ട്.

കൂടാതെ ജി.ഒ (എം.എസ്) നമ്പർ 17/2018/ത.സ്വ.ഭ.വ 02.02.2018 ലെ ഖണ്ഡിക 7.13.9 പ്രകാരം ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ തൻവർഷമോ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തോ ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്തതായി കണ്ടില്ല.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ഇതുവരെയും ഇത്തരത്തിലുള്ള റോഡുകൾ ഏറ്റെടുത്തിട്ടില്ലെന്നും ഭാവിയിൽ മേൽ നിർദ്ദേശം പാലിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-23 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

സർക്കാർ ഉത്തരവ് (കൈ) നം.17/2018 ത.സ്വ.ഭ.വ തീയതി 02.02.2018 ഖണ്ഡിക 3.8.2 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം എന്ന് വ്യക്തമാക്കുന്നുണ്ട്. കൂടാതെ ഒരു പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റ്, പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിച്ചാൽ ആയതിന് അനുമതി നൽകാൻ പാടില്ലായെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ വനിതാ വ്യവസായ കേന്ദ്രത്തിന്റെ ഒന്നാം നിലയിൽ കമ്യൂണിറ്റി ഹാൾ നിർമ്മാണം (പദ്ധതി നം 256/20) പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തി 04.09.2019 ൽ പൂർത്തീകരിച്ചതായി കാണുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയിരിക്കുന്നത് കൗൺസിൽ തീരുമാനം നം 5 തീയതി 14.11.2019 പ്രകാരമാണ്. എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-24 അലുമിനിയം വർക്ക് -നിരക്ക് കണക്കാക്കിയതിൽ പിശക്-അധികതുക നൽകി-.നഷ്ടം-1015/-രൂപ.

| | |
|---|---|
| പദ്ധതി | -സ്കൂളുകളിൽ ഗണിത ശാസ്ത്രലാബ് നിർമ്മാണം. |
| പദ്ധതി നം | -257/2020 |
| അടങ്കൽ | -500000/-(മെയിന്റനൻസ് ഫണ്ട്-റോഡ്) |
| ചെലവ് | -147295/- |
| നിർവഹണം | -അസി.എഞ്ചിനീയർ |
| കരാറുകാരൻ- | -സജീഷ് കുമാർ.വി. |
| ബിൽ നം | -19/19-20 തീ. 22/08/19 |
| എം ബുക്ക് നം | -176/18-19 |
| | -103/19-20 |

DSR 2016-Cost Index-44.12%-

മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ DSR-21-1-1-2 Providing And Fix Aluminium Work For Door,windows,ventilators And Partition.............................................................................. എന്ന ഇനത്തിൽ അലുമിനിയം 2*1 സെക്ഷനം 1*1 സെക്ഷനം ഉപയോഗിച്ചിട്ടുണ്ട്.ഇതിൽ 1*1 അലുമിനിയം സെക്ഷൻ ഉപയോഗിച്ചതിന് 2*1 അലുമിനിയം സെക്ഷൻ ഉപയോഗിച്ചതിന്റെ ഭാരം കണക്കാക്കി തുക അനുവദിച്ചതിനാൽ ചുവടെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

ഉപയോഗിച്ചിരിക്കുന്ന അലുമിനിയം-

1x4.24=4.24 മീറ്റർ

4x0.46=1.84 മീറ്റർ

............................

ആകെ-6.08 മീറ്റർ

കണക്കാക്കിയിരിക്കുന്ന ഭാരം-

6.08മീറ്റർ@0.558കി.ഗ്രാം/മീ=3.393.കി.ഗ്രാം

കണക്കാക്കേണ്ടിയിരുന്ന ഭാരം-

6.08മീറ്റർ@0.265 കി.ഗ്രാം/മീ=1.611.കി.ഗ്രാം

അധികം കണക്കാക്കിയ ഭാരം

1.782 കി.ഗ്രാം

അധികം നൽകിയ തുക-

1.782@570/-=1015/-

അധികം നൽകിയ തുക തിരികെ ഈടാക്കാമെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ഡെപ്പോസിറ്റ് പ്രവൃത്തികൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. 1100994/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം ഏറ്റെടുത്ത് കെ.എസ്.ഇ.ബി, കേരളാ വാട്ടർ അതോരിറ്റി എന്നീ സ്ഥാപനങ്ങളെ നിർവഹണ ഏജൻസികളായി തെരഞ്ഞെടുത്ത് വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി പ്രോജക്ടിൽ നിന്നും തുക മുൻകൂറായി നല്കിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ചെലവ് തുക | തുക കൈപ്പറ്റിയ ഏജൻസി. | ബിൽ നം.തീയതി. |
|---|---|---|---|---|
| 1 | പോസ്റ്റില്ലാത്ത സ്ഥലങ്ങളിൽ പോസ്റ്റ് സ്ഥാപിച്ച് ലൈൻ നീട്ടലും ലൈറ്റ് സ്ഥാപിക്കലും. | 501379/- | കെ.എസ്.ഇ.ബി. അവനവഞ്ചേരി | 6/19-20തീയതി.12.06.19 |
| | | 99615/- | കെ.എസ്.ഇ.ബി. ആറ്റിങ്ങൽ. | 9/19-20തീയതി.12.06.19 |
| 2 | പൈപ്പ് ലൈൻ നീട്ടൽ. | 500000/- | കേരളാ വാട്ടർ അതോറിറ്റി ആറ്റിങ്ങൽ. | 8/19-20തീയതി.12.06.19 |
| | ആകെ | | | |

എന്നാൽ ഈ പ്രവൃത്തികൾ പൂർണമായും നിർവഹിച്ച് വിനിയോഗ സാക്ഷ്യപത്രം സ്ഥാപനങ്ങൾ നൽകിയിട്ടില്ല. ഈ വിവരം ഓഡിറ്റ് എൻക്വയറിയിലൂടെ
( ഓഡിറ്റ് അന്വേഷണം - 59/ 2022) നിർവഹണ ഉദ്യോഗസ്ഥയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമായി എന്ന മറുപടി നൽകിയെങ്കിലും ഫയലിനൊപ്പം സൂക്ഷിച്ചിരിക്കുന്ന വിനിയോഗ സാക്ഷ്യപത്രങ്ങൾ മേൽ സൂചിപ്പിരിക്കുന്ന തുകകളുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ മേൽ തുകകൾ സംബന്ധിക്കുന്ന വിവരങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തേണ്ടതാണ്. കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. ആയതിനാൽ 1100994/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം

നഗരസഭ പരിധിയിൽ ആകെയുള്ളത് 29 അങ്കണവാടികളാണ്. സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള അങ്കണവാടികളെകുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (അവലംബം – ഓഡിറ്റ് അന്വേഷണം നമ്പർ 08/21.02.2022 -ന്റെ മറുപടി)

| ക്രമ നമ്പർ | വിഷയം | എണ്ണം | അങ്കണവാടിയുടെ വിവരം |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 11 | സെന്റർ നം. 6, 8, 11, 13, 14, 15, 16, 22, 25, 26, 29 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 9 | സെന്റർ നം. 11, 13, 14, 15, 16, 22, 25, 26, 29 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | ഇല്ല | |
| 4 | ചുറ്റമതിൽ ഇല്ലാത്തവ | 2 | സെന്റർ നം. 11, 25 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 29 | എല്ലാ അങ്കണവാടികളും |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 6 | സെന്റർ നം. 1, 3, 4, 23, 26, 28 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 5 | സെന്റർ നം. 11, 13, 14, 21, 25 |

| | | | |
|---|---|---|---|
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | ഇല്ല | |
| 9 | മൂന്ന മുറിയെങ്കിലും ഇല്ലാത്തവ | ഇല്ല | |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 29 | എല്ലാ അങ്കണവാടികളും |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 28 | സെന്റർ നം. 18 ഒഴികെ |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 29 | എല്ലാ അങ്കണവാടികളും |
| 13 | വൈദ്യുതി ഇല്ലാത്തവ | ഇല്ല | |
| 14 | Baby Weighing Machine/salter Scale/ Platform Weighing Scale ഇല്ലാത്തവ | ഇല്ല | |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 29 | എല്ലാ അങ്കണവാടികളും |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 29 | എല്ലാ അങ്കണവാടികളിലും ബേബി ചെയർ ഉണ്ട്. മേശ ഇല്ല. |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | ഇല്ല | |
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | 29 | ഒരു അങ്കണവാടിയിലും ക്ലോക്ക് ഇല്ല. മറ്റുള്ളവ ഉണ്ട്. |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | ഇല്ല | |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | ഇല്ല | |
| 21 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | ഇല്ല | |
| 22 | വാട്ടർ പ്യൂരിഫെയർ ഇല്ലാത്തവ | 29 | എല്ലാ അങ്കണവാടികളും |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | ഇല്ല | |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | ഇല്ല | |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | ഇല്ല | |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | ഇല്ല | |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 29 | എല്ലാ അങ്കണവാടികളും |

സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അങ്കണവാടികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത 11 അങ്കണവാടികൾ, ചുറ്റുമതിൽ ഇല്ലാത്ത 2 അങ്കണവാടികൾ, കളിസ്ഥലം ഇല്ലാത്ത 5 അങ്കണവാടികൾ, ശിശുസൗഹൃദ ശുചിമുറി ഇല്ലാത്ത 29 അങ്കണവാടികൾ (മുഴുവൻ), സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡ് ഇല്ലാത്ത 29 അങ്കണവാടികൾ (മുഴുവൻ), ക്ലോക്ക്, ഓരോ കുട്ടിയ്ക്കും മേശ എന്നിവ ഇല്ലാത്ത 29 അങ്കണവാടികൾ (മുഴുവൻ) എന്നിവ ഇനിയും അവശേഷിക്കുന്നു. അതിനാൽ അങ്കണവാടികളുടെ അവശ്യ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അപേക്ഷയും അനുബന്ധരേഖകളും ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| പദ്ധതി നമ്പർ | 16/20 |
| പദ്ധതി അടങ്കൽ | 9,00,000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 2,33,400 (വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. കൂടാതെ ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ട്രഷറി ബിൽ നം. 7/10.10.19 പ്രകാരം ആകെ 2,33,400/- രൂപയാണ് 45 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് തുകയായി അനുവദിച്ചിരിക്കുന്നത്. ബില്ലിനോടൊപ്പമുള്ള ബെനിഫിഷ്യറി ലിസ്റ്റിൽ ക്രമ നം. 45 ആയി ഉൾപ്പെട്ടിട്ടുള്ള ഹാരി ഡേവിഡ് എന്ന ഗുണഭോക്താവിന് നൽകിയിരിക്കുന്നത് 6,000/- രൂപയാണ്. എന്നാൽ ടിയാളുടെ അപേക്ഷയും ഡിസബിലിറ്റി സർട്ടിഫിക്കറ്റ് അടക്കമുള്ള മറ്റ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 42/26.02.22 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഗുണഭോക്താവിന്റെ അപേക്ഷയും ഡിസബിലിറ്റി സർട്ടിഫിക്കറ്റ് അടക്കമുള്ള മറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 അങ്കണവാടി പോഷകാഹാരം - പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | അങ്കണവാടി പോഷകാഹാരം |
| പദ്ധതി നമ്പർ | 14/20 |
| പദ്ധതി അടങ്കൽ | 19,33,099 (വികസന ഫണ്ട്)<br>2,68,150 (കേന്ദ്രാവിഷ്കൃതഫണ്ട്) |
| പദ്ധതി ചെലവ് | 19,10,908 (വികസന ഫണ്ട്)<br>2,68,150 (കേന്ദ്രാവിഷ്കൃതഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |

1. ട്രഷറി ബിൽ നം. 03/15.08.19, 04/03.09.19 എന്നിവ പ്രകാരം അങ്കണവാടികളുടെ ദൈനംദിന ചെലവുകളുമായി ബന്ധപ്പെട്ട് സബ് വൗച്ചറുകളുടെ അടിസ്ഥാനത്തിൽ ഓരോ അങ്കണവാടി വർക്കർമാരുടെയും അക്കൗണ്ടിലേയ്ക്ക് തുക അനുവദിച്ചിരിക്കുന്നു. നഗരസഭാ പരിധിയിൽ ആകെയുള്ളത് 29 അങ്കണവാടികളാണ്. എന്നാൽ 30 പേരുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്. അങ്കണവാടി വർക്കറല്ലാത്ത ജി.ഉഷാദേവി എന്ന വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് ട്രഷറി ബിൽ നം. 03/15.08.19 പ്രകാരം 906 രൂപയും 04/03.09.19 പ്രകാരം 130 രൂപയും അനുവദിച്ചതായി കാണുന്നു. എന്നാൽ ലഭ്യമാക്കിയ സബ് വൗച്ചറുകളിൽ പ്രസ്തുത തുകയുടെ വൗച്ചറുകൾ ഇല്ല.

2. 2019-20 വർഷം അങ്കണവാടികളിലേയ്ക്ക് ഭക്ഷണസാധനങ്ങൾ ഇറക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ശ്രീ.ആരിഷ്.ആർ.ആർ എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. എന്നാൽ ടിയാളുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഫയലിൽ ലഭ്യമല്ല. ട്രഷറി ബിൽ നം. 04/03.09.19 പ്രകാരം ശ്രീ.ആരിഷിന് 18,018 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സബ് വൗച്ചർ ഹാജരാക്കിയിട്ടില്ല.

3. 2019-20 ൽ ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട്, ഏറ്റവും ഒടുവിലായി പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.02.2010 ലെ ഐ.സി.ഡി.എസ്./ബി.3 /312/10 ഉത്തരവ് പ്രകാരം അംഗനവാടി ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

4. സർക്കുലർ നം 31055/ഡിസി2/2011/തസ്വഭവ, തീയതി 22.03.11 പ്രകാരം അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. 2019-2020 ൽ മേൽ കാര്യങ്ങൾ നിർവ്വഹിച്ചതിന്റെ വിശദാംശങ്ങൾ, അങ്കണവാടികളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 54/28.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്

വൗച്ചറുകളില്ലാതെ തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതും 2019-20 ൽ ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട്, അങ്കണവാടികളുടെ ഫിറ്റ്നെസ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

## 1-29 അങ്കണവാടി പോഷകാഹാരം - സ്റ്റോക്കിലെ പൊരുത്തക്കേടുകൾ

പ്രോജക്ട് നം. 14/20 അങ്കണവാടി പോഷകാഹാരം പദ്ധതിയുടെ ഭാഗമായി ഐസിഡിഎസ് സൂപ്പർവൈസർ പർച്ചേസ് ചെയ്ത് സ്റ്റോക്കിലെടുത്ത് അംഗനവാടികൾക്ക് വിതരണം ചെയ്ത ഭക്ഷണ സാധനങ്ങളുടെ സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അംഗനവാടി നമ്പർ | വിതരണ മാസം/ വർഷം | ഇനം | ഐസിഡിഎസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയത് | അംഗനവാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭിച്ചത് |
|---|---|---|---|---|---|
| 1 | 2 | 05/19 | അമൃതംപൊടി | 62 Kg | 51 Kg |
| | | 12/19 | റവ | 20 Kg | 15 Kg |
| 2 | 4 | 05/19 | അമൃതംപൊടി | 40 Kg | 39 Kg |
| | | 07/19 | അമൃതംപൊടി | 40 Kg | 39 Kg |
| 3 | 7 | 04/19 | അമൃതംപൊടി | 60 Kg | 50 Kg |
| | | 9/19 | അമൃതംപൊടി | 51 Kg | 54 Kg |
| 4 | 10 | 9/19 | ശർക്കര | 10 Kg | 15 Kg |
| 5 | 12 | 9/19 | ശർക്കര | 7 Kg | 6 Kg |
| 6 | 18 | 4/19 | കപ്പലണ്ടി | 5 Kg | 15 Kg |
| | | 7/19 | കപ്പലണ്ടി | 8 Kg | 5 Kg |
| 7 | 22 | 04/19 | അമൃതംപൊടി | 45 Kg | 34 Kg |
| 8 | 28 | 12/19 | കപ്പലണ്ടി | 5 Kg | 6 Kg |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 53/28.02.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ലിസ്റ്റ് പ്രകാരമുള്ള സ്റ്റോക്കിന്റെ വ്യത്യാസം മറ്റ് അങ്കണവാടികളിൽ നീക്കിയിരിപ്പുണ്ട് എന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ മറുപടി സാധൂകരിക്കുന്നതിനാധാരമായ രേഖകളോ രജിസ്റ്ററോ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്റ്റോക്ക് വ്യത്യാസം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും ആയത് ക്രമീകരിച്ച രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-30 ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ - ടി.ആർ 7എ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല

കേരള ട്രഷറി കോഡ് വാല്യം-I ആർട്ടിക്കിൾ-92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥനായ ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദിഷ്ട മാതൃകയിലുള്ള TR 7A ക്യാഷ് ബുക്കിൽ ൽ വരവ് ചെലവ് വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. വരവ് ചെലവ് വിവരങ്ങൾ ഒരു രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്. ജി.ഒ(പി)നം. 177/2006/ഫിൻ തീയ്യതി.12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ 7എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് – ചെലവ് വിവരം രേഖപ്പെടുത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുകയും വേണം. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 53/28.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവ് ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-31 ക്ഷീര വികസനം പ്രോജക്ടുകൾ - അപേക്ഷകളും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കിയിട്ടില്ല

ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുകളുടെ ഗുണഭോക്തൃ ലിസ്റ്റ്, ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. 104/20 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതിയുടെ ഭാഗമായി ആകെ ചെലവഴിച്ചിരിക്കുന്നത് ഗുണഭോക്താക്കൾക്ക് അനുവദിച്ച സബ്സിഡി തുകയായ 3,48,220 രൂപയാണ്. പ്രോജക്ട് രൂപീകരണ ഫോറം ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് (എം.എസ്.) 22/2018/ത.സ്വ.ഭ.വ. തീ. 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2.8 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകുന്നത്. എന്നാൽ ഓരോ കർഷകർക്കും ക്ഷീരസംഘത്തിൽ നിന്നും പാൽ നൽകുന്നത് സംബന്ധിച്ച ബില്ലോ മറ്റ് രേഖകളോ ലഭ്യമാക്കിയിട്ടില്ല. പകരം ഓരോരുത്തർക്കും ഓരോ മാസവും നൽകിയിട്ടുള്ള പാലിന്റെ അളവും സബ്സിഡി തുകയും ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്റ്റേറ്റ്മെന്റ് ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2. പ്രേജക്ട് നം. 105/20 – കറവപ്പശുക്കൾക്ക് കാലിത്തീറ്റ– പ്രോജക്ട് രൂപീകരണ ഫോറം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ ഭാഗമായി കേരള ഫീഡ്സിൽ നിന്നും ആകെ 2,70,840 രൂപ ചെലവഴിച്ച് 444 ചാക്ക് (22,200 കിലോ) മിട്ടക്കി പെല്ലറ്റ് കാലിത്തീറ്റ വാങ്ങിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം. | അളവ് (ചാക്ക്) | ചെലവഴിച്ച തുക | സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നം. (ബില്ലിലെ രേഖപ്പെടുത്തൽ പ്രകാരം) |
|---|---|---|---|---|
| 1 | KFLPI-19-20-031223/11.11.19 | 76 | 46,360 | - |
| 2 | KFLPI-19-20-031225/11.11.19 | 64 | 39,040 | 62 |
| 3 | KFLPI-19-20-031905/16.11.19 | 204 | 1,24,440 | 100 |
| 4 | KFLPI-19-20-032657/22.11.19 | 100 | 61,000 | 81 |
| | ആകെ | 444 | 2,70,840 | |

പർച്ചേസ് ചെയ്ത കാലിത്തീറ്റ ക്ഷീരസംഘം മുഖേന കർഷകർക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ഉണ്ടെങ്കിലും സ്റ്റോക്കിൽ വരവ് ചേർത്തത് പരിശോധിക്കുന്നതിന് Cattle Feed Stock Register ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 53/28.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-32 ആയുർവേദ ആശുപത്രിക്കും കൊല്ലമ്പുഴ സ്പെഷ്യൽ ഒ.പി.ക്കും മരുന്ന് വാങ്ങൽ - മരുന്നുകൾ യഥാസമയം ലഭ്യമായില്ല

| | |
|---|---|
| പദ്ധതി നമ്പർ | 03/2019-2020 |
| പദ്ധതിയുടെ പേര് | ആയുർവേദ ആശുപത്രിക്കും കൊല്ലമ്പുഴ സ്പെഷ്യൽ ഒ.പി.ക്കും മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 8,00,000/- |
| ചെലവ് തുക | 8,00,000/- |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ബിൽ നമ്പർ തീയതി, തുക | 01/2019-2020, 28.02.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന അപാകതകൾ ഉണ്ട്.

1. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിൽ തീയതി ഇല്ല.

2. 28.09.2019 ൽ 8 ലക്ഷം രൂപ നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 29.06.2020ന് മാത്രമാണ് മരുന്നുകൾ പൂർണമായി ലഭ്യമായിരിക്കുന്നത്.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 01 | 90143309 | 12.12.2019 | 95,049/- |
| 02 | 90145367 | 31.12.2019 | 1,47,599/- |
| 03 | 90149552 | 30.01.2020 | 23,824/- |
| 04 | 90153551 | 27.02.2020 | 25,563/- |
| 05 | 90158559 | 28.03.2020 | 6,027/- |
| 06 | 90167187 | 29.06.2020 | 17,620/- |

| | | | |
|---|---|---|---|
| 08 | 90157389 | 23.03.2020 | 84,317/- |
| 12 | 9013775 | 31.10.2019 | 2,10,656/- |
| 13 | 90141722 | 29.11.2019 | 1,55,779/- |
| 14 | 90145371 | 31.12.2019 | 20,741/- |
| 15 | 90156780 | 19.03.2020 | 3,752/- |
| 16 | 90153445 | 26.02.2020 | 9,072/- |
| | ആകെ | | 7,99,999/- |

3. ഔഷധിയുമായി ഏർപ്പെട്ട കരാറിൽ ഒന്നാമത്തെ നിബന്ധനയായി മരുന്നുകൾ 60 ദിവസത്തിനകം വിതരണം ചെയ്യുമെന്നും അതിന് കഴിയാത്ത പക്ഷം ഉണ്ടാകുന്ന താമസത്തിന് നഷ്ടപരിഹാരം നൽകുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാൻ ഇത്രയധികം കാലതാമസം വന്നതിന്, മരുന്ന് വിതരണക്കാർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/2022 തീയതി 22/02/2022) മറുപടിയായി ഭാവിയിൽ ഇക്കാര്യം ശ്രദ്ധിച്ചുകൊള്ളാമെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിരുന്നത്. എന്നാൽ ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ജീവൻ രക്ഷാ മരുന്നുകൾ താമസംവിനാ ആവശ്യക്കാർക്ക് ലഭ്യമാകുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടിയിരുന്നു. കൂടാതെ മരുന്നുകൾ ലഭ്യമായത് സബ് സ്റ്റോക്കിൽ രേഖപ്പെടുത്തിയത് ക്രമപ്രകാരമായിരുന്നില്ല. സബ്സ്റ്റോക്ക് കൈകാര്യം ചെയ്ത ജീവനക്കാരന്റെ പരിചയക്കുറവാണ് ഇപ്രകാരം സംഭവിച്ചതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും നിർവഹണ ഉദ്യോഗസ്ഥൻ മരുന്നുകൾ ലഭ്യമാകുന്ന വേളയിൽത്തന്നെ അവ സ്റ്റോക്കിൽ കൃത്യമായി രേഖപ്പെടുത്തി എന്ന് ഉറപ്പാക്കണമായിരുന്നു. ഇത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-33 തൊഴിൽ നികുതി

സ്ഥാപനത്തിലെ തൊഴിൽ നികുതി സംബന്ധിക്കുന്ന വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. തൊഴിൽ നികുതി രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. വാർഷിക ധനകാര്യ പത്രിക പ്രകാരം 2019 -20 വർഷം തൊഴിൽ നികുതി-ജീവനക്കാർ ആകെ ഡിമാൻ്റ് 89,25,426 രൂപയും ആകെ പിരിച്ചെടുത്ത തുക 87,13,076 രൂപയുമാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ ഡിമാൻ്റ് ചെയ്തിരിക്കുന്നത് 21,22,980 രൂപയും പിരിച്ചെടുത്ത തുക 19,00,890 രൂപയുമാണ്. എന്നാൽ പിരിച്ച് കിട്ടേണ്ട തുകയായി കാണിച്ചിരുന്നത് 1,72,260 രൂപയുമാണ്, ഇതിൽ 49,830/- രൂപ കുറച്ച് കാണിച്ചിരിക്കുന്നു.

3. പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ചുവടെ വിവരിക്കുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (പട്ടിക പൂർണമല്ല)

| | പേര് | സ്ഥാപനം | വാർഡ് നമ്പർ | കാലയളവ് |
|---|---|---|---|---|
| 1 | കൃഷ്ണക്കുറുപ്പ് | എ.സി. റിപ്പയറിങ്ങ് | XX | ഒന്നാം അർദ്ധ വർഷം |
| 2 | ശോഭനൻ | റേഷൻ കട | XX | രണ്ടാം അർദ്ധവർഷം |
| 3 | രാധാകൃഷ്ണൻ | റേഷൻ കട | XX | രണ്ടാം അർദ്ധവർഷം |
| 4 | ശ്രീധരൻ | ചായ കട | XX | ഒന്നാം അർദ്ധ വർഷം |
| 5 | ഉഷാകുമാരി | അപ്പൂസ് ഹോട്ടൽ | XX | 2019-2020 |
| 6 | സിനി മോൾ | ജിഎസ് അല്ലസ്റ്റോർ | XX | ഒന്നാം അർദ്ധ വർഷം |
| 7 | റോഷിനി ബി | ബെസ്റ്റ് ചോയ്സ് തയ്യൽക്കട | XX | 2019-2020 |
| 8 | രാജഗോപാലൻ ജി | റെഡിമെയ്ഡ് ഡ്രസ്സ് ആന്റ് ഗാർമെൻ്റ്സ് മൊത്തവ്യാപാരം | XX | 2019-2020 |
| 9 | ശോഭ എസ് | ഫ്ലവർ മാർട്ട് | XXI | രണ്ടാം അർദ്ധവർഷം |
| 10 | രാധാകൃഷ്ണൻ | കല്യാൺ സ്റ്റോർ | XXI | ഒന്നാം അർദ്ധ വർഷം |

| | | | | |
|---|---|---|---|---|
| 11 | ബേബി സരോജം | ഹോളോബ്രിക്സ് | XXI | 2019-2020 |
| 12 | രാജശ്രീ | തയ്യൽക്കട | XXI | രണ്ടാം അർദ്ധവർഷം |
| 13 | മൻസൂർ എം എ | റോയൽകിച്ചൻ സ്റ്റോർ | XXI | ഒന്നാം അർദ്ധ വർഷം |
| 14 | അനി | കല്യാൺ ബേക്കറി | XXI | ഒന്നാം അർദ്ധ വർഷം |
| 15 | അനിൽകുമാർ | എ ആർ പപ്പടം | XXI | ഒന്നാം അർദ്ധ വർഷം |
| 16 | രാജൻ | ശിവശക്തിപൂജ സ്റ്റോർ ആൻ്റ് ടീസ്റ്റാൾ | XXI | ഒന്നാം അർദ്ധ വർഷം |
| 17 | ഷാജികുമാർ പി | മെൻസ് ബ്യൂട്ടി പാർലർ | XXI | ഒന്നാം അർദ്ധ വർഷം |
| 18 | മധുസൂധനൻ | ഭാമ ബേക്കറി | XXI | ഒന്നാം അർദ്ധ വർഷം |
| 19 | ശാജിത | തയ്യൽക്കട | XXII | രണ്ടാം അർദ്ധവർഷം |
| 20 | ലീല | പാൻ ഷോപ്പ് | XXII | രണ്ടാം അർദ്ധവർഷം |
| 21 | മുരളീധരൻ നായർ | പൂജാ ഐറ്റം സ്റ്റോർ | XXII | രണ്ടാം അർദ്ധവർഷം |
| 22 | വിനു വിജയൻ | അദ്വൈത് എൻ്റർപ്രൈസസ് | XXII | 2019-2020 |
| 23 | രാജു എ എസ് | സോഫ്റ്റ് ഡ്രിങ്ക്സ് | XXII | 2019-2020 |
| 24 | ദിനേശ് കുമാർ | ഗോഡൗൺ | XXIV | 2019-2020 |
| 25 | ജ്യോതി രാജീവ് | ജീവൻ ഏജൻസീസ് | XXIV | 2019-2020 |
| 26 | ശ്രീനാഥ് ബി വി | ബാസ്കർ സ്റ്റുഡിയോ | XXV | 2019-2020 |
| 27 | വിശ്വനാഥൻ പിള്ള | മിൽമ ബൂത്ത് | XXV | ഒന്നാം അർദ്ധ വർഷം |
| 28 | രാജേന്ദ്രൻ നായർ | സിമൻ്റ് വ്യാപാരം | XXV | ഒന്നാം അർദ്ധ വർഷം |
| 29 | റാണി എസ് സത്യൻ | ആശിർവാദ് ചപ്പാത്തി ഷോറൂം | XXV | ഒന്നാം അർദ്ധ വർഷം |
| 30 | അനിത കെ എം | സന്ധ്യ മോട്ടോർസ് | XXV | 2019-2020 |
| 31 | ശാന്തമ്മ കെ | സ്റ്റേഷനറി | XXV | 2019-2020 |
| 32 | അയ്യപ്പൻ | പെറ്റി ഷോപ്പ് | XXV | 2019-2020 |
| 33 | ജയചന്ദ്രൻ | രജനി അപ് ഹോൾസറി വർക്ക്സ് | XXV | 2019-2020 |
| 34 | മുകുന്ദൻ | ഫ്ലോറകൃട്ട് ഫർണീച്ചർ | XXV | രണ്ടാം അർദ്ധവർഷം |
| 35 | അഫ്സൽ എസ് | നിറം ഫ്ലക്സ്പ്രിൻ്റിങ്ങ് | XXV | 2019-2020 |
| 36 | രാജൻ എസ് | എ സ്സ്റ്റോർ ബേക്കറി | XXV | രണ്ടാം അർദ്ധവർഷം |
| 37 | വിശ്വംഭര ദാസ് | ദേവി മെറ്റൽസ് | XXV | രണ്ടാം അർദ്ധവർഷം |
| 38 | പ്രദീപ് ജി | ദർശന ഫ്രഷ് ഇൻ ഗാർഡൻ | XXV | രണ്ടാം അർദ്ധവർഷം |
| 39 | ഷിബു വിഎസ് | സിറ്റി എക്സ്പെർട്ട്സ് | XXV | രണ്ടാം അർദ്ധവർഷം |
| 40 | രാജീവ് 'ടി എം | വെൽഡിങ്ങ് ഷോപ്പ് | XXVI | ഒന്നാം അർദ്ധ വർഷം |
| 41 | ഷീബ സി | തിരുവാതിര തയ്യൽക്കട | XXVI | 2019-2020 |
| 42 | രാജീവ് റ്റി എം | കെ റ്റി സി പാഴ്സൽ | XXVI | ഒന്നാം അർദ്ധ വർഷം |
| 43 | പ്രദീപ് പി | ത്രീ ജി ടെക് സൊലൂഷൻസ് | XXVI | ഒന്നാം അർദ്ധ വർഷം |
| 44 | രാജീവ് റ്റി എം | തിരുവാതിര ഓട്ടോ സ്പെയർ പാർട്ട്സ് | XXVI | 2019-2020 |
| 45 | ലളിത പ്രകാശ് | തിരുവാതിര പ്ലാസ്റ്റിക്ക് | XXVI | 2019-2020 |
| 46 | സുഹിൽ എസ് | സ്റോയൽ അഡ്വർട്ടൈസിങ്ങ് | XXVI | 2019-2020 |
| 47 | മാനേജർ | കിഡ്സ് ഇൻ്റർനാഷണൽ ഡേ | XXVI | 2019-2020 |
| 48 | അജയ കുമാർ | എ ഓട്ടോ സ്പെയർ | XXVI | രണ്ടാം അർദ്ധവർഷം |
| 49 | ലീന റ്റി | വിശ്വാസ്കമ്മ്യൂണിറ്റി ഫാർമസി | XXVI | 2019-2020 |
| 50 | ഷാമി കപൂർ | വിശ്വാസ്കമ്മ്യൂണിറ്റി ഫാർമസി | XXVI | 2019-2020 |
| 51 | ബാലചന്ദ്രൻ വി | ഇലക്ട്രോണിക് റിപ്പയറിങ്ങ് | XXVI | 2019-2020 |
| 52 | അരുൺ | ഹണി ഫാൻസി | XXVI | 2019-2020 |
| 53 | രാജഗോപാലൻ ആചാരി | രാജാ ജൂവല്ലറി | XXVI | രണ്ടാം അർദ്ധവർഷം |
| 54 | ഷബീന എസ് | പേൾ ഫാഷൻ | XXVI | രണ്ടാം അർദ്ധവർഷം |
| 55 | അമീർ മുഹമ്മദ് | അൽ നൂർ ട്രേഡ് ലിങ്ക് സ് | XXVI | രണ്ടാം അർദ്ധവർഷം |
| 56 | സംഗീത ദേവി സി ആർ | ചലഞ്ച് ബ്യൂട്ടി പാർലർ | XXVI | 2019-2020 |
| 57 | സനു എസ് എസ് | ഇൻസ്പെയർ ട്യൂഷൻ സെൻ്റർ | XXVI | 2019-2020 |
| 58 | എം ഷംസുദീൻ | അഡ്വക്കേറ്റ് ഓഫീസ് | XXVI | രണ്ടാം അർദ്ധവർഷം |
| 59 | എം ആർ മുരളീധരൻ | അഡ്വക്കേറ്റ് | XXVI | 2019-2020 |
| 60 | ബിന്ദു ജെ എസ് | സായി ദർശൻ ബ്യൂട്ടി പാർലർ | XXVI | രണ്ടാം അർദ്ധവർഷം |
| 61 | രമ്യ റോയ് | രമ്യ റോസ് പെറ്റൽസ് | XXVI | രണ്ടാം അർദ്ധവർഷം |
| 62 | ഉഷകുമാരി | സൂര്യ ഹോട്ടൽ | XXVI | 2019-2020 |
| 63 | ജയപ്രസാദ് | പെട്രോൾ പമ്പ് | XXVI | 2019-2020 |
| 64 | പ്രസന്ന ദാസ് | ജി ടെക് കംപ്യൂട്ടർ സെൻ്റർ | XXVI | രണ്ടാം അർദ്ധവർഷം |
| 65 | ഷീബ | ഓറഞ്ച് ബ്യൂട്ടിപാർലർ | XXVI | രണ്ടാം അർദ്ധവർഷം |
| 66 | ബിജു എ | ഇംപ്രിൻ്റ് ഡിജിറ്റൽ | XXVI | രണ്ടാം അർദ്ധവർഷം |
| 67 | രാജഗോപാൽ ആചാരി | കോപ്പറേറ്റീവ് സൊസൈറ്റി | XXVI | 2019-2020 |
| 68 | ശ്രീകുമാർ എ | പൂരം സ്റ്റോർ | XXVI | 2019-2020 |
| 69 | പ്രദീഷ് എം | ഹോമർടൻ ട്യൂഷൻ | XXVI | 2019-2020 |
| 70 | അനിൽ | രാജൻ ഡി റ്റി പി | XXVI | 2019-2020 |
| 71 | ജാസിദ് ഇ പി | മൊബൈൽ ഫോൺ അക്സസറീസ് | XXVI | 2019-2020 |
| 72 | ചെല്ലപ്പൻ പിള്ള എ കെ | അമൃത എൻ്റർപ്രൈസസ് | XXVI | 2019-2020 |

| | | | | |
|---|---|---|---|---|
| 73 | ജ്യോതി ബി | ജ്യോതി ഇലക്ട്രിക്കൽസ് | XXVI | ഒന്നാം അർദ്ധ വർഷം |
| 74 | ഫാത്തിമ ബീവി | ഗൾഫ് ഗോൾഡ് കവറിങ്ങ് | XXVI | രണ്ടാം അർദ്ധവർഷം |
| 75 | സുധീർ | ഹാജിറാസ് | XXVI | ഒന്നാം അർദ്ധ വർഷം |
| 76 | ബിജുകുമാർ | നാഷണൽ ബുക്ക്സ് | XXVI | രണ്ടാം അർദ്ധവർഷം |
| 77 | അയാൻ | പൊന്നു ചിപ്സ് | XXVI | രണ്ടാം അർദ്ധവർഷം |
| 78 | വരിയൻ ലാൽ | ലിയ ബ്യൂട്ടി ഹബ്ബ് | XXVI | രണ്ടാം അർദ്ധവർഷം |
| 79 | ഷിബു | എസ് എസ് വെജിറ്റബിൾസ് | XXVII | ഒന്നാം അർദ്ധ വർഷം |
| 80 | ബാബു രാജേന്ദ്രൻ | അശ്വതി റെഫ്രിജേറ്റർ | XXVII | ഒന്നാം അർദ്ധ വർഷം |
| 81 | തമ്പി എസ് | വടക്കേതിൽ സ്റ്റോർ | XXVII | ഒന്നാം അർദ്ധ വർഷം |
| 82 | മനു എൻ | മഹാരാജ ഓട്ടോ മൊബൈൽ | XXVII | 2019-2020 |
| 83 | അഞ്ജന | ബ്യൂട്ടി പാർലർ | XXVII | 2019-2020 |
| 84 | സിന്ധു | അശ്വതി കല്യാണ മണ്ഡപം | XXIX | രണ്ടാം അർദ്ധവർഷം |
| 85 | അനിൽകുമാർ | പി എസ് സി പരിശീലനം | XXIX | 2019-2020 |
| 86 | എൻ വിജയ കുമാർ | ലോണ്ടറി യൂണിറ്റ് | XXIX | ഒന്നാം അർദ്ധ വർഷം |
| 87 | സനോജ് | ഹയർ മാറ്റ്റിക്സ് | XXX | രണ്ടാം അർദ്ധവർഷം |
| 88 | മാനേജർ | എച്ച് ഡി എഫ് സി | XXX | രണ്ടാം അർദ്ധവർഷം |
| 89 | ലെമെഗ്സൺ | മൊബൈൽ സർവ്വീസ് | XXX | രണ്ടാം അർദ്ധവർഷം |
| 90 | രാജൻ | ചിട്ടി ഫണ്ട് | XXX | രണ്ടാം അർദ്ധവർഷം |
| 91 | ഭാസ്കരൻ | ഫ്ലോർ മില്ല് | XXX | 2019-2020 |
| 92 | പ്രസന്നൻ | പെറ്റി ഷോപ്പ് | XXX | 2019-2020 |
| 93 | മാനേജർ | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | XXX | രണ്ടാം അർദ്ധവർഷം |
| 94 | ജെയിംസ് ബാബു ബി എസ് | ജെൻ്റ്സ് ബ്യൂട്ടി പാർലർ | XXX | 2019-2020 |
| 95 | പ്രഭാകരൻ നായർ | ജയ ടീസ്റ്റാൾ | XXX | 2019-2020 |
| 96 | അജി എസ് എസ് | ബിൽഡിങ്ങ് ഡിസൈൻ | XXX | ഒന്നാം അർദ്ധ വർഷം |
| 97 | മാനേജർ | ഇൻസ്റ്റാകാർട് സർവ്വീസ് ലിമിറ്റഡ് | XXX | രണ്ടാം അർദ്ധവർഷം |

സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട തൊഴിൽ നികുതി

1. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം 30 വാർഡുകളിലായി ഏകദേശം മുന്നൂറ് സ്ഥാപനങ്ങൾ 2019 - 2020 വർഷം ഒന്നാം അർദ്ധവാർഷിക തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്. എന്നാൽ ആരും തന്നെ രണ്ടാം അർദ്ധ വാർഷിക തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

## 1-34 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ യഥാസമയം ലഭ്യമായില്ല

| | |
|---|---|
| പദ്ധതി നമ്പർ | 04/2019-2020 |
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 10,00,000/- |
| ചെലവ് തുക | 10,00,000/- |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| ബിൽ നമ്പർ തീയതി, തുക | 09/2019-2020, 04.10.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

മരുന്നുകളുടെ വിലയായ 10 ലക്ഷം രൂപ 04.10.2019 ൽ ഒടുക്കിയെങ്കിലും ചുവടെ വിവരിക്കും 01.02.2021 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 01 | എൽ എഫ് 2041 | 05.01.2021 | 32,860/- |
| 02 | എൽ എഫ് 858 | 28.07.2020 | 60,000/- |
| 03 | എൽ എഫ് 176 | 26.05.2020 | 4,48,510/- |
| 04 | എൽ എഫ് 2198 | 01.02.2021 | 4,58,630/- |
| | ആകെ | | 10,00,000/- |

മരുന്ന് വിതരണക്കാരായ ഹോം കോ യുമായുള്ള കരാർ ഇല്ല.

## 1-35 ISO സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പദ്ധതിയുടെ പേര്- ISO സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ

പദ്ധതി നം- 216/2020

അടങ്കൽ തുക-67,000/- രൂ

ചെലവു തുക-33250രൂ,ബിൽ നം-11/24-7-19

ആറ്റിങ്ങൽ നഗരസഭയ്ക്ക് ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കാൻ ഉള്ള കൺസൾട്ടൻസിയെ നിയമിക്കാൻ ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള (166250രൂ.) ക്വട്ടേഷൻ നൽകിയ AQA Quality Management Pvt.Ltd എന്ന സ്ഥാപനവുമായി 5-10-18 ൽ കരാർ ഒപ്പു വച്ചു. ബോധവൽക്കരണം(20%), ഡോക്കുമെന്റേഷൻ(20%), ഇന്റേണൽ ഓഡിറ്റ് (25%), സർട്ടിഫിക്കേഷൻ ഓഡിറ്റ്(35%) എന്നീ പദ്ധതി ലക്ഷ്യങ്ങൾ ഓരോന്നും പൂർത്തിയാകുന്ന മുറയ്ക്ക് അടങ്കൽ തുകയുടെ നിശ്ചിത ശതമാനം അനുവദിക്കാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

<u>പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.</u>

1. സ്ഥാപനത്തിന് 2018-19 ൽ 66500 രൂപയും,തൻവർഷം 33250 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള കൈപ്പറ്റ് രസീത് ഫയലിൽ ഇല്ല.

2. കരാർ പ്രകാരം, പൂർത്തീകരണ കാലാവധി 90 ദിവസമാണ്. മുൻകൂട്ടി അപേക്ഷിച്ചാൽ 20% അധിക സമയം അനുവദിക്കാനും വ്യവസ്ഥയുണ്ട്. എന്നാൽ ടി സ്ഥാപനം അപ്രകാരം സമയം നീട്ടാൻ അപേക്ഷ നൽകിതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല. പദ്ധതി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.

3. സർക്കാർ ഉത്തരവ് നം.GO(MS)72/17/LSGD തീ. 29-3-7 ഖണ്ഡിക6-8(2) പ്രകാരം, സ്പിൽ ഓവർ ആകുന്ന പദ്ധതികൾ, അതേ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. ഇവിടെ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾക്കു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 30നു മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്ക് വിശദമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-36 കണ്ടിജന്റ് ജീവനക്കാർ GIS, SLI എന്നിവയിൽ അംഗത്വം എടുത്തിട്ടില്ല

കെ.എസ്.ആർ.ഭാഗം-I, ചട്ടം 22 A,22B, ചട്ടം 31-നുള്ള കുറിപ്പ് എന്നിവ പ്രകാരം പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ഒരാൾ GIS, SLI എന്നിവയിൽ അംഗത്വം എടുക്കാത്ത പക്ഷം, അയാൾക്ക് ആദ്യത്തെ ഇൻക്രിമെന്റിന് അർഹതയില്ല. മാത്രമല്ല, ശമ്പള വർദ്ധനവിന് ആനുപാതികമായി, പോളിസി തുകയിൽ വർദ്ധന വരുത്തേണ്ടതുമാണ്. എന്നാൽ നഗരസഭാ ജീവനക്കാരുടെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ, കണ്ടിജന്റ് ജീവനക്കാർ GIS, SLI എന്നിവയിൽ അംഗത്വം എടുത്തിട്ടില്ല എന്നു കണ്ടു . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/തസ്തിക | അടിസ്ഥാന ശമ്പളം | SLI | GIS |
|---|---|---|---|---|
| | | | അടയ്ക്കേണ്ട പോളിസി തുക(രൂ) | അടയ്ക്കേണ്ട പോളിസി തുക(രൂ) |
| 1 | ആശാകുമാരി.R<br>സാനിട്ടറി വർക്കർ | 41500 | 450 | 300 |
| 2 | അമ്പിളി.Lസാനിട്ടറി വർക്കർ | 40500 | 450 | 300 |
| 3 | M.സലിംസാനിട്ടറി വർക്കർ | 26500 | 375 | 250 |
| 4 | S.മാജിതാബീവിസാനിട്ടറി വർക്കർ | 26500 | 375 | 250 |
| 5 | K.വൽസല,സാനിട്ടറി വർക്കർ | 25850 | 375 | 250 |
| 6 | T.സീത,സാനിട്ടറി വർക്കർ | 25850 | 375 | 250 |
| 7 | ശ്രീമതി .G.ശ്രീമതി,സാനിട്ടറി വർക്കർ | 25850 | 375 | 250 |
| 8 | ഷീല.Sസാനിട്ടറി വർക്കർ | 25850 | 375 | 250 |
| 9 | നസൈഫ.Sസാനിട്ടറി വർക്കർ | 25850 | 375 | 250 |
| 10 | G.ഉഷാകുമാരിസാനിട്ടറി വർക്കർ | 25200 | 375 | 250 |
| 11 | ബേബി.Kസാനിട്ടറി വർക്കർ | 24600 | 375 | 250 |
| 12 | S.രമാകുമാരിസാനിട്ടറി വർക്കർ | 24000 | 375 | 250 |
| 13 | ശ്രീകുമാർC,സാനിട്ടറി വർക്കർ | 24000 | 375 | 250 |
| 14 | D.ലില്ലിസാനിട്ടറി വർക്കർ | 24000 | 375 | 250 |
| 15 | മിനി.Rസാനിട്ടറി വർക്കർ | 24000 | 375 | 250 |
| 16 | J.അമ്പിളിസാനിട്ടറി വർക്കർ | 23400 | 375 | 250 |
| 17 | V.ജയശ്രീസാനിട്ടറി വർക്കർ | 21650 | 375 | 250 |
| 18 | A.ഷീബസാനിട്ടറി വർക്കർ | 21650 | 375 | 250 |
| 19 | ഷീല.O.Nസാനിട്ടറി വർക്കർ | 21650 | 375 | 250 |
| 20 | മഹേശ്വരി.Lസാനിട്ടറി വർക്കർ | 21650 | 375 | 250 |
| 21 | വിമല.Dസാനിട്ടറി വർക്കർ | 21650 | 375 | 250 |
| 22 | B.അജയകുമാർ സാനിട്ടറി വർക്കർ | 16761 | 225 | 200 |
| 23 | T.ആശാകുമാരിസാനിട്ടറി വർക്കർ | 21100 | 375 | 250 |
| 24 | R.നിർമ്മല,സാനിട്ടറി വർക്കർ | 16572 | 225 | 200 |
| 25 | S.ശോഭനസാനിട്ടറി വർക്കർ | 20550 | 375 | 250 |
| 26 | C.രതി,സാനിട്ടറി വർക്കർ | 19500 | 375 | 250 |
| 26 | B.R.സബീനബീവിസാനിട്ടറി വർക്കർ | 19500 | 375 | 250 |

| | | | | |
|---|---|---|---|---|
| 27 | സുനിൽ.S.സാനിട്ടറി വർക്കർ | 19500 | 375 | 250 |
| 28 | S.സുന്ദരേശൻസാനിട്ടറി വർക്കർ | 19500 | 375 | 250 |
| 29 | ബീന.C.സാനിട്ടറി വർക്കർ | 19000 | 375 | 250 |
| 30 | സിന്ധു.T.സാനിട്ടറി വർക്കർ | 19000 | 375 | 250 |
| 31 | ലില്ലി.B.സാനിട്ടറി വർക്കർ | 19000 | 375 | 250 |
| 32 | ഇന്ദിര.C.S,സാനിട്ടറി വർക്കർ | 25850 | 375 | 250 |

## 1-37 ദാനാധാരമായി വാങ്ങിയ ഭൂമി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല

താലൂക്ക് ആശുപത്രിയുടെ ഉപകേന്ദ്രം സ്ഥാപിക്കാനായി, ശ്രീമതി സാജിതാ ബീവി, ശ്രീ.അബ്ദുസമദ് എന്നിവർ ദാനാധാരം മുഖേന നൽകിയ 2.85 സെന്റ് ഭൂമിയുടെ ആധാരം 04-02-2020 ന നടന്നതായി, 12-03-2020 ലെ ജനറൽ കൗൺസിൽ അജണ്ട 14 ന്റെ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഭൂമി നാളിതു വരെ നഗരസഭ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 10ന് മറുപടി ലഭ്യമായില്ല.ഗവൺമെന്റ് സർക്കുലർ നം 58608/DB2/2009/LSGD തീയതി 13-1-2010 ൽ നിഷ്കർഷിച്ചിട്ടുള്ള വിധം, നഗരസഭയ്ക്ക് കാലാകാലം ലഭ്യമാകുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

## 1-38 വജ്രജൂബിലി കലാകാരൻമാർക്ക് ഫെല്ലോഷിപ്പ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പദ്ധതിയുടെ പേര്- വജ്രജൂബിലി കലാകാരൻമാർക്ക് ഫെല്ലോഷിപ്പ്.

പദ്ധതി നം-158(SO)

അടങ്കൽ തുക- 3,25,000/-(വി. ഫണ്ട് – ജനറൽ)

ചെലവ് തുക-
1) 1,05,000/- രൂ, ബിൽ നം-19/4-10-19
2) 30000/-രൂ, ബിൽ നം-8/24-7-19
3) 15000/-രൂ, ബിൽ നം-20/4-10-19
4) 15000/-രൂ, ബിൽ നം-26/20-1-20

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക XVII പ്രകാരം, ഫെല്ലോഷിപ്പ് തുക പ്രതിമാസം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ രീതിയിലാണ് കൈമാറ്റം ചെയ്യേണ്ടത്. എന്നാൽ സെക്രട്ടറിയുടെ 31-3-20ലെ സാക്ഷ്യപത്രത്തിൽ "25/11/19 ൽ ഗുണഭോക്താവായി ചേർത്ത ശ്രീ.സാംജോർജ്ജ് (നാടൻപാട്ട്) എന്ന കലാകാരന്റെ അക്കൌണ്ട് നമ്പർ ലഭ്യമല്ലാത്തതിനാൽ ടിയാളുടെ വിഹിതം കൂടി ഫെല്ലോഷിപ്പ് കോ-ഓർഡിനേറ്ററായ ശ്രീമതി.ഹേമജി.എസ് ന്റെ പേരിൽ അനുവദിച്ച്, ശ്രീ.സാംജോർജ്ജിന് നല്കുന്നതാണ്" എന്ന് രേഖപ്പെടുത്തി, ടിയാൾക്ക് 10000 രൂപയും, മറ്റ രണ്ടു പേർക്ക് 5000 രൂപ വീതവും നൽകിയിരിക്കുന്നു.

2. ഫെല്ലോഷിപ്പ് കോ-ഓർഡിനേറ്ററുടെ പേര്, 26/9/19, 10/12/19, 31/3/20 എന്നീ തീയതികളിലെ സാക്ഷ്യ പത്രത്തിൽ ശ്രീമതി.ഹേമ ജി.എസ് എന്നും, 11/2/20 ലെ സാക്ഷ്യ പത്രത്തിൽ ശ്രീമതി. മേഘ ജി.എസ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

മേല്പറഞ്ഞ അപാകങ്ങൾക്കു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 32 ന് മറുപടി ലഭ്യമായില്ല.

## 1-39 മുൻകാലറെക്കോഡുകളുടെ കംപ്യൂട്ടർവൽക്കരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പദ്ധതിയുടെ പേര്- മുൻകാലറെക്കോഡുകളുടെ കംപ്യൂട്ടർവൽക്കരണം

പദ്ധതി നം-214/2020

അടങ്കൽ തുക- 1,00,362/-രൂ (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവു തുക- 32388രൂ, ബിൽ നം-3/14-6-19

പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. പ്രോജക്ട് 2016-17 വർഷം രൂപീകരിച്ച് നാളിതു വരെ സ്പിൽ ഓവർ ആയി തുടരുന്നു.2019-20 വർഷം ഇതിനായി അംഗീകരിച്ച പുതുക്കിയ പ്രോജക്ട് ഫയലിൽ ഇല്ല.

2. സർക്കാർ ഉത്തരവു നം.GO(MS)72/17/LSGD തീ. 29-03-2017 ഖണ്ഡിക6-8(2) പ്രകാരം,സ്പിൽ ഓവർ ആകുന്ന പദ്ധതികൾ ,അതേ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്.ഇവിടെ ടി നിർദ്ദേശം പാലിച്ചിട്ടില്ല.

3. നിർവ്വഹണ ഏജൻസിയായ ആർടെക് സൊലൂഷൻസുമായി 22/8/17 ൽ ഒപ്പുവച്ച കരാർ പ്രകാരം,രണ്ടു ഡേറ്റാ എന്ട്രി ഓപ്പറേറ്റർമാരെ നിയോഗിച്ച്,31-3-18ന് പദ്ധതി പൂർത്തീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.എന്നാൽ പൂർത്തീകരണ കാലാവധി നീട്ടുന്നതിനുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.അതായത്, പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ വ്യാപ്തിയെക്കുറിച്ച് കരാറിനു മുമ്പ് വിലയിരുത്തൽ നടത്തിയിട്ടില്ല.

4. കരാറിന്റെ "മോണിട്ടറിംഗ് എന്ന് ശീർഷകം ഉള്ള ഖണ്ഡിക പ്രകാരം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അധ്യക്ഷനും,നഗരസഭാ സെക്രട്ടറി മെമ്പർ സെക്രട്ടറിയും, R1 രജിസ്ട്രേഷൻ ക്ലാർക്ക് കൺവീനറായും, IKM ടെക്നിക്കൽ അസിസ്റ്റന്റ്, ഡേറ്റാ എൻട്രി യൂണിറ്റിന്റെ പ്രതിനിധി എന്നിവർ മെമ്പർമാരായുള്ള കമ്മിറ്റിക്കാണ് മോണിട്ടറിംഗ് ചുമതല.എന്നാൽ അങ്ങനെ ഒരു കമ്മിറ്റിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല.പകരം സെക്രട്ടറിയുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.

5. GO(Rt) നം2380/2013/LSGD തീ25-9-13 പ്രകാരം,ഡേറ്റാ വേരിഫിക്കേഷന് നഗരസഭാ ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നല്കാനാണ് വ്യവസ്ഥയുള്ളത്. എന്നാൽ അപ്രകാരം വേരിഫിക്കേഷൻ നടന്നതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല. ടി അപാകങ്ങൾക്ക് വിശദീകരണം, ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.45 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-40 വെള്ളക്കരം-കുടിശ്ശിക പെരുകുന്നത് തുടരുന്നു.

ആറ്റിങ്ങൽ നഗരസഭയുടെ പൊതുടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം 69,642 രൂപയാണ്. ഇതു കൂടാതെ എല്ലാ പ്രതിമാസ ബില്ലുകളിലും വലിയൊരു തുക കുടിശ്ശിക ആയും ഫൈൻ ആയും ഡിമാന്റു ചെയ്തു വരുന്നു. ഉദാഹരണമായി 31-3-20 ലെ ബില്ല് പ്രകാരം, 106 ടാപ്പുകളുടെ തൻമാസ വെള്ളക്കരം 69642 രൂപയും, ഫൈൻ 195898 രൂപയും കുടിശ്ശികയും ഉൾപ്പെടെ അകെ ഡിമാന്റു തുക 10251239 രൂപയാണ്. ഇതു സംബന്ധിച്ച ഫയൽ നം PW3/7304/06 നം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമായിട്ടുണ്ട്.

1. ആകെ 106 ടാപ്പുകളിൽ 13 എണ്ണം അടച്ചു പൂട്ടാൻ 13/3/17ൽ നഗരസഭ KWA യ്ക്ക് കത്തു നൽകി.

2. 2009-10 മുതൽ2011-12 വരെ ആകെ 7888728 രൂപ വെള്ളക്കരം കുടിശ്ശികയിനത്തിൽ, നഗര സഭയുടെ ഗ്രാന്റിൽ നിന്ന് കുറവു ചെയ്തിട്ടുണ്ട്. 31/3/18ൽ 7,55,53,013 രൂപ കുടിശ്ശിക ഉണ്ടെന്ന് KWA അറിയിച്ചതിനെ തുടർന്ന്, 14/6/18ലെ PW#/7304/06 നം കത്ത് പ്രകാരം ഇക്കാര്യം KWA സൂപ്രണ്ടിംഗ് എഞ്ചിനീയറെ നഗരസഭ അറിയിച്ചിട്ടുണ്ട്.

3. 47 ടാപ്പുകൾ പൂട്ടാൻ 9-11-18 ൽ നഗരസഭ KWA യ്ക്ക് കത്ത് നൽകി.

4. മേല്പറഞ്ഞ വസ്തുതകൾ എല്ലാം അവഗണിച്ചു കൊണ്ട് KWA എല്ലാ മാസവും 106 ടാപ്പുകൾക്കുള്ള വെള്ളക്കരം, ഫൈൻ എന്നിവ ഡിമാന്റു ചെയ്തു വരുന്നു.

5. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തണം എന്ന് നഗരസഭ പലതവണ ആവശ്യപ്പെട്ടിട്ടും, KWA ആയതു പരിഗണിച്ചിട്ടില്ല.

മേല്പറഞ്ഞ വസ്തുതകൾ എല്ലാം 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷവും സംയുക്ത പരിശോധന നടന്നിട്ടില്ല.

ഏറ്റവും ഒടുവിൽ 22/12/21 ൽ സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം 72 ആയി നിജപ്പെടുത്തിയിട്ടുണ്ട്. മേല്പറഞ്ഞ വസ്തുതകളെല്ലാം KWA യുടെ ശ്രദ്ധയിൽപ്പെടുത്തി കുടിശ്ശിക തീർപ്പാക്കാനുള്ള ഊർജ്ജിത നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

## 1-41 പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-41-1 സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയിട്ടില്ല

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചെലവ് പത്രിക പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ഏറ്റെടുത്ത സ്പിൽ ഓവർ പദ്ധതികളിൽ തൻവർഷം നടപ്പാക്കാത്തവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ടിന്റെ നമ്പരും പേരും | അടങ്കൽ തുക |
|---|---|---|

| ക്രമനം. | പ്രോജക്ടിന്റെ നമ്പരും പേരും | അടങ്കൽ തുക |
|---|---|---|
| 1. | 220-പൈപ്പ് കണക്ഷൻ | 12000- |
| 2. | 221-കിണർ പുനരുദ്ധാരണം | 6000- |
| 3. | 226-സൌരറാന്തൽ വിളക്കു വാങ്ങൽ (എസ്.സി.പി) | 120000- |

സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കാത്തതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.15/21.02.2022ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നുള്ള സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-41-2 പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ നടത്തിപ്പ്/പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്കു ലഭ്യമാക്കിയില്ല.

| പ്രോജക്ടിന്റെ നമ്പരും പേരും | അടങ്കൽ തുക | ചെലവു തുക | ആകെ ഗുണഭോക്താക്കൾ (രജിസ്റ്റർ പ്രകാരം) |
|---|---|---|---|
| 25-പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം | 9800000- | 2015000- | 33 |
| 39-കിണർ പുനരുദ്ധാരണം | 206000- | 124798- | 28 |
| 207-പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (SO) | 2981293- | 2149768- | 38 |
| 210-വീട് വാസയോഗ്യമാക്കൽ (SO) | 150000- | 150000- | 15 |
| 215- പൈപ്പ് കണക്ഷൻ (SO) | 85000- | 6000- | 10 |

മേൽ പദ്ധതികളൊന്നും തൻവർഷം പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്കു ഹാജരാക്കിയത്. ഹാജരാക്കിയ രജിസ്റ്ററിലും പദ്ധികളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി പിൻവലിച്ച തുകകൾ കൈമാറിയതിന്റെ വിശദാംശങ്ങൾ (അക്കൌണ്ട് നം. ഉൾപ്പെടെ) ലഭ്യമായില്ല. പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എക്വയറിക്ക് (നം.15/21.02.2022ന്) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധനയ്ക്കു ലഭ്യമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽ പദ്ധതികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-42 ക്യാഷ് ബുക്ക് പരിപാലനം - അപാകതകൾ

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ '45-നെൽകൃഷി വികസനം' പദ്ധതിക്ക് 294875/-രൂപയും '55-പച്ചക്കറികൃഷി വികസനം (റസിഡന്റ്സ് അസോസിയേഷൻ)' പദ്ധതിക്ക് 590625/-രൂപയും ചെലവായിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്കിൽ 2019-20 വർഷം മുഴുവൻ 'No Transaction' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വകുപ്പുതല വരവു-ചെലവുകളോ, നഗരസഭയുടെ പദ്ധതികളുടെ വരവു-ചെലവു വിവരങ്ങളോ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം‌ ചാപ്റ്ററിI ആർട്ടിക്കിൾ 8ൽ എല്ലാ സാമ്പത്തിക ഇടപാടുകൾക്കും കൃത്യമായ അക്കൌണ്ട് സൂക്ഷിക്കേണ്ടതു സംബന്ധിച്ചും, ആർട്ടിക്കിൾ 102ൽ ആയതിനു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടത് സംബന്ധിച്ചും, കേരള ട്രഷറി കോഡ് വാല്യം‌ ചട്ടം 92(a) (I)മുതൽ(vi) വരെ ക്യാഷ് ബുക്ക് പരിപാലിക്കേണ്ട രീതി സംബന്ധിച്ചും വ്യക്തമായ നിർദ്ദേശമുണ്ടയിരിക്കേ, തൻവർഷത്തെ സാമ്പത്തിക ഇടപാടുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. അപാകത ഓഡിറ്റ് അന്വേഷണം നം. 26 ലൂടെ നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്.

## 1-43 മുൻകൂർ രജിസ്റ്റർ അപൂർണ്ണം.

നഗരസഭയുടെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷം അനുവദിച്ച 20 മുൻകൂറുകൾ ക്രമീകരിച്ചില്ല എന്ന് കണ്ടു. എന്നാൽ താഴെ പറയുന്ന മൂന്ന മുൻകൂറുകൾ ഒഴികെ ബാക്കിയെല്ലാം ക്രമീകരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം.9/21.02.22 ന് നൽകിയ മറുപടിയിൽ വ്യക്തമാക്കുന്നു.

| ക്രമ നം. | വൗച്ചർനം | മുൻകൂർ തുക | കൈപ്പറ്റിയവ്യക്തി | ഉദ്ദേശ്യം |
|---|---|---|---|---|
| 1 | 95/7-19 | 10,000 | ശ്രീമതി O.S .മിനി<br>ശ്രീ. KS.പ്രശാന്ത്<br>ശ്രീ. KS.സന്തോഷ് | യാത്രാബത്ത |
| 2 | 56/12-19 | 3,000 | ശ്രീ. C.V പ്രവീൺ, JHI | |
| 3 | 22/3-20 | 20,000 | ശ്രീ. രവീന്ദ്രൻ, ക്ലാർക്ക് | |

G.O (P)നം 419/2011/Fin 4-10-11 പ്രകാരം, മുൻകൂറുകൾ അവ കൈപ്പറ്റി മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്.അതിനാൽ മേല്പറഞ്ഞ മുൻകൂറുകൾ ക്രമീകരിച്ച ശേഷം തൻവർഷം അനുവദിച്ച എല്ലാ മുൻകൂറിന്റെയും ക്രമീകരണ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-44 ചെയർപേഴ്സണ് വേണ്ടി പുതിയ വാഹനം വാങ്ങൽ - അധിക തുക നല്കിയത് 12,230 രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നം-156

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പദ്ധതിയുടെ പേര്- ചെയർപേഴ്സൺന്റെ പുതിയ വാഹനം

അടങ്കൽ തുക- 10,00,000/- വികസന ഫണ്ട് ജനറൽ
8,00,000/- തനത് ഫണ്ട്

പദ്ധതിക്കായി ചെലവു ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/ചെക്ക് നം,തീയതി | തുക(രൂ) |
|---|---|---|
| 1 | 150/6-11-19 | 487965 |
| 2 | 151/6-11-19 | 400000 |
| 3 | 152/6-11-19 | 112035 |
| 4 | 128105/7-11-19 | 329390 |
| | ആകെ | 1329390 |
| 5 | അനുബന്ധചെലവുകൾ<br>128134/22-11-19 | 238607 |

ആറ്റിങ്ങൽ നഗരസഭാ ചെയർമാന്റെ KL 16 J 4444 നമ്പർ ഔദ്യോഗിക വാഹനം ദീർഘദൂര യാത്രകൾക്ക് ഉപയോഗിക്കാൻ കഴിയാത്തതിനാൽ ടി വാഹനം കണ്ടം ചെയ്യുന്നതു വരെ എൻജിനീയറിംഗ് വിഭാഗത്തിൽ ഉപയോഗിക്കുന്നതിനും ചെയർമാന് കൗൺസിൽ തീരുമാനത്തിന് വിധേയമായി പുതിയ വാഹനം വാങ്ങുന്നതിനും സർക്കാർ 27/07/2019/ലെ സ.ഉ.(സാധാ)നം.1594/2019/ത.സ്വ.ഭ.വ. പ്രകാരം അനുമതി നല്കി. ഇതേ തുടർന്ന് GeM സോഫ്റ്റ്‌വെയറിലൂടെ ഒരു ഇന്നോവ ക്രിസ്റ്റ Toyota Kirloskar Motor Pvt. Ltd., Karnataka എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ 19/10/2019ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ പ്രകാരം എല്ലാ നികുതികളും ഡ്യൂട്ടികളും ഉൾപ്പെടെ കമ്പനി ആവശ്യപ്പെട്ട തുക 1317160/-രൂപ ആണ്. എന്നാൽ മേൽ കാണിച്ചിരിക്കുന്ന പ്രകാരം ക്രമനം. 1 മുതൽ 4വരെയുള്ള ബില്ലുകൾ പ്രകാരം ടി കമ്പനിക്ക് 13,29,390/-രൂപ നല്കിയതായി കാണുന്നു. ഇപ്രകാരം അധികമായി 12,230/-രൂപ നല്കാനുള്ള കാരണം 2/3/22ലെ 65-ാം നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം അന്വേഷിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറിന് വിരുദ്ധമായി അധികമായി നല്കിയ 12,230/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇതു കൂടാതെ പദ്ധതിയുടെ (ഫയൽ നം G4-5861/19) കുറിപ്പുഫയലിൽ PWO-I 14/11/19 ൽ രേഖപ്പെടുത്തിയ കുറിപ്പു പ്രകാരം, വാഹനത്തിൽ അനുബന്ധ സൗകര്യങ്ങൾ ഒരുക്കാനായി 11 അനുബന്ധ ഇനം പ്രവൃത്തി ചെയ്യണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ FRIENDS AUTOMOBILES ന്റെ ടാക്സ് ഇൻവോയ്സ് നം BC-567/22-11-19 പ്രകാരം 51 ഇനം അനുബന്ധ സൗകര്യങ്ങൾ ഒരുക്കിയതിന് ക്രമ നമ്പർ 5 പ്രകാരം 2,38,607/- രൂ.നല്കിയിട്ടുണ്ട്.

പ്രസ്തുത ചെലവിനാധാരമായ ബില്ലു പരിശോധിച്ചപ്പോൾ വാഹനത്തിൽ ഒരുക്കിയ അനുബന്ധ സൗകര്യങ്ങളിൽ ചിലത് മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതും (ഉദാ- കൂളിംഗ് ഫിലിം, കർട്ടൻ) മറ്റു ചിലത് യാത്രക്കാരുടെ സുരക്ഷയ്ക്കോ സൗകര്യത്തിനോ ഉപകരിക്കാത്ത കേവലം ആഡംബര സ്വഭാവത്തിൽ ഉള്ളവയും ആണ്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Extra Head Light LED | 22656 |
| Mega Sound Horn | 7788 |
| Horn Wiring Kit | 3907 |
| Dikky Chrome Painting | 2950 |
| Roof LED | 885 |
| Show Ariel | 2124 |
| Cooling Film | 4720 |
| Side Beeding Chrome | 2832 |
| Hellan Fog Lamp (2Nos.) | 4770 |
| Fog Lamp LED (1) | 10148 |
| Full Set Curtain | 3640 |
| JVC Stereo | 31152 |
| Door Handle Chrome Painting | 2242 |
| Side Mirror Chrome Painting | 4230 |
| Magnetic Curtain | 2065 |
| Tale Light Chrome Fitting | 4130 |

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.65) മറുപടി ലഭ്യമായില്ല. അത്യാവശ്യമല്ലാത്ത ചെലവുകൾക്കായി പൊതു പണം വിനിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-45 പഴയ വാഹനം ലേലം ചെയ്തില്ല.

ഫയൽ നം PW3/15183/19 പ്രകാരം നഗരസഭയുടെ പഴയ ജീപ്പ് (നം KL-16D 4963 )ലേലം ചെയ്യുന്നതിനു മുന്നോടിയായുള്ള ഇൻസ്പെക്ഷൻ ഫീസിനത്തിൽ 1115 രൂപ ചെലവഴിച്ചിട്ടുണ്ട്.കൂടാതെ,ചെയർമാന് പുതിയ വാഹനം വാങ്ങാൻ അനുമതി നല്കിക്കൊണ്ടുള്ള സ.ഉ(സാ) നം -1594/19/തസ്വഭവ യിൽ ടി ജീപ്പ് കണ്ടം ചെയ്യാൻ നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തൽ ഉണ്ട്. വാഹനം ലേലം ചെയ്തിട്ടുണ്ടോ എന്ന് ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.65) മറുപടി ലഭ്യമായില്ല. സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള വിധം വാഹനം കണ്ടം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-46 പദ്ധതി രൂപീകരണം-പ്രിന്റിംഗ് ചെലവുകൾക്ക് ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല.

പദ്ധതി നം-1/2019-20

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പദ്ധതിയുടെ പേര്- പദ്ധതി രൂപീകരണം, മോണിറ്ററിംഗ് (പദ്ധതി നം.1/2019-20)

അടങ്കൽ തുക- 5,72,800/- (വി. ഫണ്ട് – ജനറൽ)

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള പ്രിന്റിംഗ് ചെലവുകൾക്കായി മൂകാംബികാ പ്രസ് എന്ന സ്ഥാപനത്തിന് വിവിധ ബില്ലുകളിലായി താഴെ പറയുന്ന വിധം തുക നല്കിയിട്ടുണ്ട്.

| ക്രമ നം. | ചെയ്ത ജോലി | നൽകിയ തുക(രു) | റിമാർക്സ് | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | വാർഡ് സഭാ നോട്ടിസ് | 24,000 | ക്യാഷ് ബില്ലിൽ തീയതിയില്ല. എണ്ണം ഇല്ല. സ്റ്റോക്കിൽ എടുത്തിട്ടില്ല. | 5/12.07.19 |
| 2 | കരട് പദ്ധതി നിർദ്ദേശങ്ങൾ | 31,000 | ടി | 5/12.07.19 |
| 3 | പദ്ധതി അവലോകനം, റിപ്പോർട്ട് | 35,600 | ടി | 23/28.11.19 |
| 4 | കരട് പദ്ധതി രേഖ | 40,000 | ടി | 15/12.07.19 |

| | | | | |
|---|---|---|---|---|
| | ആകെ | 1,30,600 | | |

സർക്കാർ ഉത്തരവ് ജി.ഒ.(പി) നം.3/2013/എസ്.പി.സി. തീ.21.06.13 ഖണ്ഡിക 7-6, 7-31 പ്രകാരം 1,50,000/- രൂപയിൽ കൂടുതൽ വരുന്ന വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവ് പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-47 പർച്ചേസിംഗ് കമ്മിറ്റി പ്രവർത്തനം ഫലപ്രദമല്ല.

ബ്ലോക്ക് പഞ്ചായത്തിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ, സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1)വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2) വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചില്ല.

2019-20 വർഷം നഗരസഭയുടെ പർച്ചേസിംഗ് കമ്മിറ്റി ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് എന്ന് മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നു. 25/7/19ൽ കൂടിയ പ്രസ്തുത യോഗത്തിൽ ക്രിമറ്റോറിയത്തിന് ജനറേറ്റർ, ഇലക്ട്രിക്കൽ സാധനങ്ങൾ, താലൂക്ക് ആശുപത്രിക്ക് ഡയാലിസിസ് ഉപകരണങ്ങൾ എന്നിവ വാങ്ങാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതല്ലാതെ മറ്റൊരു രേഖപ്പെടുത്തലും മിനുട്സിൽ ഇല്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ചട്ട വിരുദ്ധമായ ലേല നടപടിക്രമം -കുടിശ്ശിക തുകയായ 1,68,800/-രൂപ ഈടാക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തെ ലേല ഫയലുകൾ പരിശോധിച്ചതിൽ മാമത്തെ ഡ്രൈവിംഗ് പരിശീലനം എന്നയിനത്തിലെ ലേലം കൊണ്ട വ്യക്തി ശ്രീ.മോഹനൻ. അക്ഷര, ആറ്റിങ്ങൽ എന്നായാളാണ്. എന്നാൽ ഇദ്ദേഹം മുൻവർഷം (2018-19) ലേല തുകയിനത്തിൽ 46565/-രൂപയും ജി.എസ്.റ്റി തുകകളും പിഴയുമുൾപ്പടെ 75412/- രൂപ കുടിശ്ശികയുള്ളയാളാണ്. സ്ഥാപനത്തിലെ 2019-20 ലെ ലേല വ്യവസ്ഥകളിൽ ക്രമ നം 5 പ്രകാരം മുൻകാലങ്ങളിൽ മുനിസിപ്പൽ കിസ്തുകൾ അടവാക്കാതെ വീഴ്ച വരുത്തിയിട്ടുള്ളവരെ ലേലത്തിൽ പങ്ക് കൊള്ളുവാൻ അനുവദിക്കുകയില്ലായെന്ന വ്യവസ്ഥയിൽ നിന്നും വ്യതിചലിച്ചാണ് ലേലത്തിൽ ടിയാളെ പങ്കെടുപ്പിച്ചിരുന്നത്.

കൂടാതെ ടിയാൾ 2019-20 സാമ്പത്തിക വർഷത്തിലും ലേലതുകയായ 77500/-രൂപയും ജി.എസ്.റ്റി തുകകളും പിഴയുമുൾപ്പടെ 93388/- രൂപയും അടവാക്കാനുണ്ട്.ടിയാളിൽ നിന്നും ആദ്യ ഗഡുവും ഈടാക്കിയിട്ടില്ല. സോൾവെൻസിയും ലഭ്യമായിമാക്കിയിട്ടില്ല.

ലേലം കൈകൊള്ളുന്ന ദിവസം തന്നെ ആദ്യ ഗഡു അടവാക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. ആകെ ലേല തുകയായ 1,68,800/-രൂപ ഈടാക്കുവാൻ സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും സ്വീകരിച്ച നടപടികൾ വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 27/22(25.02.2020) ന മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത ലേലം 15.02.2019 ലെ കൗൺസിൽ യോഗത്തിൽ അംഗീകരിച്ചിരിക്കുന്നു.

ചട്ടവിരുദ്ധമായി ലേല നടപടികൾ സ്വീകരിച്ച സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത വ്യക്തിയെ (ലേലം കൊണ്ടയാളെ) കരിമ്പട്ടികയിൽ ഉൾപ്പെടുത്താതെ ലേലം കൈകൊള്ളുവാൻ അനുവദിച്ച സെക്രട്ടറിയുടെ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക രണ്ട് മാസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടവാക്കിയില്ലെങ്കിൽ ആയതു സെക്രട്ടറിയുടെ മേൽ ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതായിരിക്കും.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗാർഹിക കമ്പോസ്റ്റ് പദ്ധതി- സബ്സിഡി ഇനത്തിൽ അധികമായി നല്കിയ 45672/- രൂപ

നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം പേര് | S00204/20, ഗാർഹിക കമ്പോസ്റ്റ് (വീടുകളിൽ ബയോബിൻ) |
| അടങ്കൽ തുക | 914000/-(457000വികസനഫണ്ട്, 457000 ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | 456720/-(വികസന ഫണ്ട്) |
| ബിൽ നം തീയതി | 19010647005400032756, 5.4.19 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

വീടുകളിൽ കിച്ചൻ ബയോബിൻ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതി പ്രകാരം കാസർകോഡ് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്നും 346 കിച്ചൻ ബയോബിൻ ഒരെണ്ണത്തിന് 1320 രൂപ നിരക്കിൽ 456720/- രൂപയ്ക്ക് വാങ്ങി. സഉ (കൈ) നം 22/2018 ത സ്വ ഭ വ, തിരുവനന്തപുരം 14.2.18, ഖണ്ഡിക 6.8 പ്രകാരം ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഗാർഹിക തലത്തിൽ നടപ്പിലാക്കുന്നതിന് യൂണിറ്റ്കോസ്റ്റിന് ത സ്വ ഭ വ വിഹിതം 25% മുതൽ 50% വരെയും ശുചിത്വ മിഷൻ 25%, ഗുണഭോക്തൃവിഹിതം 50% എന്നിങ്ങനെയാണ് ഫണ്ട് വകയിരുത്തേണ്ടത്. പദ്ധതിയിൽ വികസനഫണ്ട് 456720/- രൂപ ചെലവഴിച്ചിരിക്കുന്നു. ഗുണഭോക്തൃവിഹിതമോ ശുചിത്വമിഷൻ ഫണ്ടോ ചെലവഴിച്ചിട്ടില്ല.വികസനഫണ്ട് ഉപയോഗിച്ച് 100% സബ്സിഡി നല്കി പദ്ധതി നടപ്പിലാക്കാൻ ഉണ്ടായ സാഹചര്യം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (12, 21.2.22) 50% വികസനഫണ്ട് 50 % ഗുണഭോക്തൃവിഹിതം വകയിരുത്തി പദ്ധതി നടപ്പിലാക്കിയെങ്കിലും ഗുണഭോക്തൃവിഹിതം അടയ്ക്കാൻ ആരും തയ്യാറാകാത്തതിനാൽ 6.3.20 ലെ സ ഉ (കൈ) നം 45/2020/തസ്വഭവ ഉത്തരവ് പ്രകാരം 90% സബ്സിഡി നിരക്കിൽ ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ ശുചിത്വമിഷൻ നിർദ്ദേശം ഉണ്ടായതിനാൽ അത്തരത്തിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചുവെന്നും വികസന ഫണ്ട് പിൻവലിച്ച് ബിൻ വാങ്ങി നഗരസഭയിൽ സൂക്ഷിക്കുകയും ചെയ്തുവെന്നും, എന്നാൽ ഗുണഭോക്താക്കൾ 10% സബ്സിഡിയും അടയ്ക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ നഗരസഭയുടെ 9.9.2020 ലെ 10- ാം നം തീരുമാന പ്രകാരം ഗുണഭോക്തൃവിഹിതം ഒഴിവാക്കി 100% സബ്സിഡി നിരക്കിൽ ആനുകൂല്യം നല്കാൻ തീരുമാനിച്ചുവെന്നും അറിയിച്ചു. ഗുണഭോക്തൃവിഹിതം ഈടാക്കാതെ 100% സബ്സിഡി ഉപയോഗിച്ച് ബിൻ വാങ്ങിയത് തെറ്റായ നടപടി ക്രമമാണ്. 19-20 വർഷത്തെ പദ്ധതി 20-21 ലും സ്പിൽഓവറായി തുടരുന്ന സാഹചര്യത്തിൽ 19-20 വർഷം വികസനഫണ്ട് 50% ഉം 20-21 വർഷം ശുചിത്വ മിഷൻ ഫണ്ട് 50% ഉം ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്ന് അറിയിച്ചു.

സർക്കാർ അനുമതി ഇല്ലാതെ 10% സബ്സിഡി അധികമായി നല്കി പദ്ധതി നടപ്പിലാക്കിയത് സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ സബ്സിഡി ഇനത്തിൽ അധികരിച്ച് നല്കിയ 45672/- രൂപ തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥൻ, 09.09.20 ലെ കൌൺസിൽ യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ എന്നിവരിൽ നിന്നും 45672/- തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം

ഇല്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂറായി നൽകിയ തുകകൾ അഡ്വാൻസ് ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

### 4-4 വായ്പാ/വായ്പാ തിരിച്ചടവ്

2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദ വിവരം

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ | വായ്പാ തുക (തൻവർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | തീയതി | വരവ്) | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കോപ്പറേറ്റീവ് ലോൺ(ടൌൺഹാൾ നിർമ്മാണം) | 31.1.20<br>16.3.20 | 5000000<br>7500000 | -<br>- | 0 | 0 | 12500000 |
| പി എം എ വൈ ഹഡ്കോ ലോൺ | ലഭിച്ചിട്ടില്ല.<br>25.2.19<br>28.2.19 | 2000000<br>10080000 | 12080000 | 1040000 | 0 | 11040000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റെക്കവറി

ഇല്ല.

## 4-7 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 109536963.45 |
| ഓഡിറ്റ് വർഷത്തെ വരവ് | 177328445.00 |
| ആകെ | 286865408.45 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 197861688.00 |
| നീക്കിയിരിപ്പ് | 89003720.45 |
| വരവിനങ്ങളുടെ നഷ്ടം | 1,68,800 |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45,672 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,13,224 |

ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 168800 | ശ്രീ.പ്രദീപ്കുമാർ,സെക്രട്ടറി |
| 3-1 | 45672 | ബി.അജയകുമാർ, ഹെൽത്ത് സൂപ്പർവൈസർ,<br>09.09.2020-ൽ ജനറൽ കമ്മിറ്റിയിൽ പങ്കെടുത്ത കൗൺസിലർമാർ |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 11,00,994 | ശ്രീ. ജയദാസ്, അസി. എഞ്ചിനീയർ |
| 1-44 | 12,230 | ശ്രീ. വിശ്വനാഥൻ.എസ്, സെക്രട്ടറി |

*ഡി)* കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

*(ഇ)* നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

*(എഫ്)*റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമനം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | (1.)ബി.അജയകുമാർ, ഹെൽത്ത് സൂപ്പർവൈസർ | ബി.അജയകുമാർ, ഹെൽത്ത് സൂപ്പർവൈസർ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി | അഖിലഭവൻ, നെട്ടറക്കോണം, ആനാട് പി.ഒ, |
| 2 | (2.)9.9.2020-ലെ കമ്മിറ്റിയിൽ പങ്കെടുത്ത കൗൺസിലർമാർ | " | (2.)9.9.2020-ലെ കമ്മിറ്റിയിൽ പങ്കെടുത്ത കൗൺസിലർമാർ പേരും അഡ്രസ്സും അനുബന്ധം (3) ആയി ചേർത്തിട്ടുണ്ട്. |
| 3 | ശ്രീ.പ്രദീപ് കുമാർ, സെക്രട്ടറി | -- | നന്ദനം,കാവുവിള,വാവറമ്പലം, പോത്തൻക്കോട് |
| 4 | ശ്രീ. വിശ്വനാഥൻ.എസ്, സെക്രട്ടറി | | |
| 5 | ശ്രീ. ജയദാസ്, അസി. എഞ്ചിനീയർ | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1976-77 | എൽ.എഫ്.റ്റി.ഡി.4/1260 (5)/86 തീയതി.20-06-1983 | - |
| 1977-78 | എൽ.എഫ്.റ്റി.ഡി.4/1064/84 തീയതി.24-04-1987 | - |
| 1979-80 | എൽ.എഫ്.റ്റി.ഡി.4/812/87 തീയതി.31-10-1987 | - |
| 1980-81 | എൽ.എഫ്.റ്റി.ഡി.4/951/84 തീയതി.02-05-1987 | - |
| 1981-82 | എൽ.എഫ്.റ്റി.ഡി.4/831/86 തീയതി.20-01-1987 | - |
| 1982-83 | എൽ.എഫ്.റ്റി.ഡി.4/1194/85 തീയതി.14-07-1986 | - |
| 1983-84 | എൽ.എഫ്.റ്റി.ഡി.4/746/89 തീയതി.30-06-1980 | - |
| 1984-85 | എൽ.എഫ്.റ്റി.ഡി.4/232/91 തീയതി.16-04-1991 | - |
| 1985-86 | എൽ.എഫ്.റ്റി.ഡി4/1627/92 തീയതി.23-02-1995 | - |

| | | |
|---|---|---|
| 1986-87 | എൽ.എഫ്.റ്റി.ഡി.4/997/94 തീയതി.02-03-96/10-12-1997 | - |
| 1987-88 | എൽ.എഫ്.റ്റി.ഡി.4/997/94 തീയതി. 02-03-96/10-12-1997 | - |
| 1988-89 | എൽ.എഫ്.റ്റി.ഡി.13/95 തീയതി.10-04-96/31-12-1997 | - |
| 1989-90 | എൽ.എഫ്.റ്റി.ഡി.13/95 തീയതി.10-04-96/31-12-1997 | - |
| 1990-91 | എൽ.എഫ്.റ്റി.ഡി.4/917/96 തീയതി.03-09-97/09-09-1998 | - |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1203/03 തീയതി.16-03-2004 | 47 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ. | 38 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ.531/08 | 58 |
| 1999-2000 | എൽ.എഫ്.റ്റി.ഡി.എം.എൽ.696/06 തീയതി.28-04-2006 | 69 |
| 2000-2001 | എൽ.എഫ്.റ്റി.ഡി.എം.എൽ.693/2005 തീയതി.03-05-2007 | 38 |
| 2001-2002 | എൽ.എഫ്.റ്റി.ഡി.എം.എൽ.1475/2006 തീയതി.21-07-08 | 25 |
| 2002-2003 | എൽ.എഫ്.റ്റി.ഡി.എം.എൽ.1343/2008 തീയതി.14-05-2009 | 21 |
| 2003-2004 | എൽ.എഫ്.റ്റി.ഡി.എം.എൽ.1475/14 തീയതി.20-10-2014 | 46 |
| 2004-2005 | എൽ.എഫ്.റ്റി.ഡി.എം.എൽ.331/2009 തീയതി.15-05-2009 | 26 |
| 2005-2006 | എൽ.എഫ്.റ്റി.ഡി.എം.എൽ.1412/09 തീയതി.29-09-12 | 16 |
| 2006-2007 | എൽ.എഫ്.റ്റി.ഡി.എം.എൽ.1413/09 തീയതി.03-07-12 | 22 |
| 2007-2008 | എൽ.എഫ്.റ്റി.ഡി.എം.എൽ.958/13 തീയതി.13-01-2014 | 14 |
| 2008-2009 | എൽ.എഫ്.റ്റി.ഡി.എം.എൽ.1708/14 തീയതി.14-12-14 | 19 |
| 2009-2010 | എൽ.എഫ്.റ്റി.ഡി.എം.എൽ.23/15 തീയതി.04-09-15 | 14 |
| 2010-2011 | എൽ.എഫ്.റ്റി.ഡി.എം.എൽ.1999/14 തീയതി.15-12-2014 | 21 |
| 2011-2012 | എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14 തീയതി.18-12-14 | 24 |
| 2012-2013 | എൽ.എഫ്.റ്റി.ഡി.എം.എൽ.1142/15 തീയതി.27-07-15 | 29 |
| 2013-2014 | എൽ.എഫ്.റ്റി.ഡി.എം.എൽ. | 29 |
| 2014-2015 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1286/15 തീയതി.11-08-2016 | 14 |
| 2015-16 | കെ. എസ് .എ.റ്റി. വി.എം.എം.എൽ./52/2016 തീയതി 11.01.17 | 22 |
| 2016-17 | കെ. എസ്.എ.റ്റി. വി.എം.എം.എൽ./1933/2017 തീയതി 06.10.17 | 27 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/108/19 തീയതി 19.03.2019 | 51 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/2194/2019 Dtd 05.02.2020 | 66 |

ഓഡിറ്റ് റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-3

## 09.09.2020 ജനറൽ കമ്മിറ്റിയിൽ പങ്കെടുത്ത കൗൺസിലർമാരുടെ പേരും അഡ്രസ്സും

| Sl.No | Name | Address |
|---|---|---|
| 1. | ഇമാമുദീൻ | ഷബ്‌ലൻ വില്ല, ആലംകോട് പി.ഒ |
| 2. | ദ്ദൈനത്ത്.എ | ദർവേഷ് മൻസിൽ കാവുവിള, ആലംകോട് പി.ഒ, 695102 |
| 3. | രജി.എസ്സ് | രേവതി, പൂവൻപാറ, ആലംകോട് പി.ഒ, 695102 |
| 4. | കെ.എസ്.സന്തോഷ്കുമാർ | കുമാർ നിവാസ്, പാറക്കടവ് ലൈൻ, ആറ്റിങ്ങൽ പി.ഒ |
| 5. | പി.ശ്യാമള അമ്മ | ബി.എസ്.നിവാസ്, കരിച്ചിയിൽ, ആറ്റിങ്ങൽ പി.ഒ |
| 6. | എം.കെ.സുരേഷ് | എം.കെ.നിവാസ് , തച്ചൂർകുന്ന്, അവനവഞ്ചേരി പി.ഒ |
| 7. | ഗീതാകുമാരി | എ.ജി.ആർ ഭവൻ, അവനവഞ്ചേരി പി.ഒ, ആറ്റിങ്ങൽ |
| 8. | എസ്.ശോഭനകുമാരി | കോണത്തു വീട്, അവനവഞ്ചേരി പി.ഒ |
| 9. | ഗായത്രീദേവി സി.ആർ | അഘോരമന, അവനവഞ്ചേരി പി.ഒ |
| 10. | എം.പ്രദീപ് | ഗീതാഞ്ജലി, തച്ചൂർകുന്ന്, അവനവഞ്ചേരി പി.ഒ |
| 11. | സി.പ്രദീപ് | എ.വി.ഹൗസ്, ടി.ബി ജംഗ്ഷന് സമീപം, ആറ്റിങ്ങൽ |
| 13. | റ്റി.ആർ കോമളകുമാരി | കല്ലുവിള വീട്, അവനവഞ്ചേരി പി.ഒ |
| 14. | എം.താഹിർ | മൂലയിൽ, കിഴുവിലം പി.ഒ, ചിറ്റാറ്റിൻകര |
| 15. | ശോഭന.കെ | അശ്വതി നിവാസ്, ചിറ്റാറ്റിൻകര, കിഴുവിലം പി.ഒ, മാമം, ആറ്റിങ്ങൽ |
| 16. | പ്രിൻസ് രാജ് എസ്.കെ | ജയഭവൻ, കിഴുവിലം പി.ഒ, മാമം, ആറ്റിങ്ങൽ |
| 17. | എം.അനിൽകുമാർ | ബിന്ദു മന്ദിരം 1/838-17/417, ഓപ്പോസിറ്റ് ഗൗരി തിയേറ്റർ, ആറ്റിങ്ങൽ പി.ഒ |
| 18. | ശ്രീദേവി .കെ | എം.ജെ.നിവാസ്, എം.ജി റോഡ്, ആറ്റിങ്ങൽ |
| 19. | മിനി.ഒ.എസ് | ശിവകൃപ, അറപ്പുര ലെയിൻ, രാമച്ചംവിള, ആറ്റിങ്ങൽ |
| 20. | രേഖ.ആർ.എസ് | 21/400, ശ്രുമ കൊട്ടമൺ, ആറ്റിങ്ങൽ |
| 21. | ജി.തുളസീധരൻ പിള്ള | തെന്നൂർ കുന്നത്തു വീട്, ആറ്റിങ്ങൽ പി.ഒ |
| 22. | മഞ്ജു.എം.എസ് | 275, കാട്ടിൽ ചരുവിള, പുത്തൻ വീട്, കൊടുമൺ, ആറ്റിങ്ങൽ പി.ഒ |
| 23. | ആർ.എസ്.പ്രശാന്ത് | പുന്നമൺ വീട്, കുന്നുവാരം, ആറ്റിങ്ങൽ |
| 24. | ഷീജ.എസ് | ധന്യ, ACAC ക്ക് സമീപം, വേളാർക്കുടി, ACAC നഗർ, ആറ്റിങ്ങൽ |
| 25. | സന്തോഷ്.എസ് | കക്കാട്ടുവിള വീട്, മാർക്കറ്റ് റോഡ്, ആറ്റിങ്ങൽ, 695101 |
| 26. | അഡ്വ.സി.ജെ രാജേഷ്കുമാർ | ലക്ഷ്മി നിവാസ്, മാർക്കറ്റ് റോഡ്, ആറ്റിങ്ങൽ |
| 27. | വീണ പി.എസ് | മുതിരക്കുഴി വീട്, കൊട്ടിയോട്, ആറ്റിങ്ങൽ |
| 28. | എസ്.ജമീല | ചരുവിള വീട്, എൽ.എം.എസ് ജംഗ്ഷൻ, ആറ്റിങ്ങൽ |
| 29. | ആർ.രാജു | ചരുവിള വീട്, തോട്ടവാരം, ആറ്റിങ്ങൽ പി.ഒ |